# മരിയ ഗോരററി




വി. പരവര

T 61
P 24

# മരിയഗൊരേററി

അഥവാ

## ചാരിത്ര്യദീപം

ഗ്രന്ഥകർത്താ

**പാപ്പു. വി. പരവര,**

തൃക്കാക്കര, ഇടപ്പള്ളി.

DHARMARAM COLLEGE LIBRARY, BANGALORE.
19228

Printed at the Jayabharath Press Ltd.,

— ALWAYE

1953

P. V. PARAVARA, K.I. NEHRU ... N.T. ...

Price Rs. 1—4—0

ഒന്നാം പതിപ്പ്:— 1000

All rights strictly kept and reserved
by the author.

ഗ്രന്ഥകർത്താവിൻെറ മുദ്രയില്ലാത്ത പുസ്തകം
വ്യാജനിർമ്മിതമാകുന്നു.

കഥാപ്രസംഗത്തിനോ, റിക്കാർഡിംഗിനോ, സിനിമായ്ക്കോ ഈ കൃതി ഉപയോഗിക്കേണ്ടവർ ഗ്രന്ഥകർത്താവിൻെറ രേഖാമൂലമായ അനുമതി വാങ്ങിയിരിക്കേണ്ടതാണു്.



Life is a Key. author

# DEDICAZIONE

Offro umilmente questo Opusculo ai piedi della Assunta, Valorosa Mamma, Che felicemente Vive nell' alma Italia, e sta sulla terra in intima comunione, Colla figlia Santa, liglio della purezza, che regna con Cristo nell alto cielo.

Thrikakara.
16th Oct: 1952

*PAPPU V. PARAVARA*
Edappally, P.O; N. Travancore, (S. I.)

# സമർപ്പണം.

ഇററലിയിൽ ഇന്നും ജീവിച്ചിരുന്നുകൊണ്ടു്, സ്വർഗ്ഗത്തിൽ ഇരിക്കുന്ന സ്വപുത്രി വി: മരീയ ഗോരേററിയുമായി സമ്പർക്കം പുലർത്തുവാൻ സൌഭാഗ്യം സിദ്ധിച്ച ആ വീരജനനി ആസൂന്താ അമ്മയുടെ തൃപ്പാദങ്ങളിൽ ഞാൻ ഈ കാവ്യോപഹാരം അഞ്ജലികൂപ്പി അർപ്പിച്ചുകൊള്ളുന്നു.

തൃക്കാക്കര
16th. Oct 1952.

പാപ്പു വി. പരവര.

"The wrestling is not alone against flesh and blood, but against principalities, against the rulers of the world of this darkness, against the spirit of wickedness in high places"

"The essence of the mind is design and purpose" [*Sir* oliver]

"Believe firmly and Sin boldly"

[Luther's ofquoted rule of conduct]

**"The purest among the strong and the strongest among the pure Christ lifted with His wounded hands empires from their hinges and changed the course of the stream of ages"**

# മുഖവുര

അവതാരിക

വരിഷ്ഠമായ സന്മാർഗ്ഗനിഷ്ഠക്ക് ഒരു മകുടോദാഹരണമാണ് നമ്മുടെ മുൻപിലിരിക്കുന്ന ഈ ചെറുകാവ്യത്തിലെ ഇതിവൃത്തം. ജഢികമായ വ്യാമോഹത്തിൽ ഉന്മത്തനായിതീർന്ന ഒരു പട്ടവങ്കൻെറ നീചമായ വശീകരണതന്ത്രത്തിനു വഴിപ്പെടാതെ ഇററലിയിൽ "മരിയാഗോരെററി"യെന്ന ഒരു ദരിദ്ര ഗ്രാമീണബാലിക വീരമരണം വരിക്കുകയുണ്ടായി. അടുത്തകാലത്ത് —48 വർഷം മുമ്പ്, ഉണ്ടായ ഒരു സംഭവമാണിത്. ഈ വീരകൃത്യം നടത്തിയ ബാലികക്കു പന്ത്രണ്ടുവയസ്സ് മാത്രമെ പ്രായം ഉണ്ടായിരുന്നുള്ളു. ഇററലിയിൽ മാത്രമല്ല ലോകമൊട്ടുക്കു ഈ സംഭവം അത്ഭുതമുളവാക്കി. മാത്രമല്ല മരണശേഷം ഈ പരിപൂതയുടെ മാദ്ധ്യസ്ഥംകൊണ്ട് ചിലവലിയ അസാദ്ധ്യകാര്യങ്ങൾ പോലും സാധിക്കുകയുണ്ടായി അതിൻെറ ഫലമായി മാർപ്പാപ്പാതിരുമനസ്സുകൊണ്ട് ഈ വീരാംഗനയെ അടുത്തകാലത്തു "പുണ്യവതി"യായി പ്രഖ്യാപിച്ചിരിക്കുന്നു. ദുഷ്ടകൃത്യം ചെയ്തപുരുഷൻ ഒരു സന്യാസിയായിഇന്നും ജീവിച്ചിരിക്കുന്ന വിവരം ഇവിടെ പറയേണ്ടതുണ്ട്.

ചുണ്ടിൽ ചെഞ്ചായവും മുഖത്തു കനത്ത പൌഡറും ഇട്ടനാഗരികാംഗനകളായി വിലസുന്ന കൂട്ടരിൽ നിന്നു ഇപ്രകാരമുള്ള ഒരു വീരകൃത്യം ഉണ്ടാവുക പ്രായേണ അസംഭവ്യമാണ്? എന്നാൽ പ്രകൃതിവിലാസങ്ങളുടെ നടുവിൽ

സാധാരണമുറയിൽ ജീവിക്കുന്ന ഗ്രാമീണ ബാലികമാർക്കു കവിയുടെ വാക്കുകളിൽ "കററരിപോലുള്ള ഗ്രാമീണകന്യമാർ''ക്കു ഇതു അപ്പാടെ സ്വാധീനമാക്കും.

ആശയവൈശിഷ്ട്യം വളരെ യുണ്ടെങ്കിലും ശുഷ്കമായരീതിയിലുമല്ല ഈ കവിതയുടെ പ്രതിപാദനരീതി സാധാരണക്കാർക്കു വായിച്ചറിയുവാൻ പററിയ രീതിയിലാണു ഈ കവിതയിലെ പ്രതിപാദനം. ഉദാഹരണമായി കൃഷീവലന്റെപ്പുററിയുള്ള വിവരണം കാൺക!!

"തോളിൽ നകവും കലപ്പയും മുൻപിലോ
കാളകൾ രണ്ടെണ്ണം മന്ദം മന്ദം
നാണംമറയാത്ത കീറത്തുണിയുമായ്
ക്ഷീണിതൻ കർഷകൻമേവിടുമ്പോൾ
ക്ലിഷ്ടമായ് ഗാത്രൽത്താമാമലതന്നിൽ ശ്ര
മയേശുഗമിക്കുന്നൊരോർമ്മതോന്നും''

ഇതു ഒരു ക്രിസ്തീയ ബാലികയുടെ ചരിതമാണെങ്കിലും ക്രിസ്ത്യാനികൾ മാത്രമല്ല സദാചാരത്തെ വിലമതിക്കുന്ന എല്ലവരും വായിച്ചിരിക്കേണ്ട ഒരു കൃതിയാണു്. സന്മാർഗ്ഗനിഷ്ഠയാണല്ലോ എല്ലാമതങ്ങളുടേയും കാതൽ ചാരിത്രത്തെ വിലമതിക്കാത്ത ഒരു മതവും ഇല്ല. ദൈവ വിശ്വാസമില്ലാത്തവർക്കും ഇതു പരിപാവനമായ ഒരു കാര്യമാണല്ലോ.

എല്ലാകവിതയും സന്മാർഗ്ഗോദ്ദീപകമായിരിക്കേണ്ടതില്ലെങ്കിലും, സന്മാർഗ്ഗോദ്ദീപകമായ കവിതയെ പ്രത്യേകം വിലമതിക്കേണ്ടതാവശ്യമാണു്. വിശേഷിച്ചു് മലയാ

ള ഭാഷയിൽ ഇത്തരം കവിതക്കു ഇന്നു പ്രത്യേകസ്ഥാനം കൊടുക്കേണ്ടതുണ്ടു്. അശ്ലീലമായ പലകവിതകളും വിശേഷിച്ചു് അവയുടെ പ്രതിപാദനരീതി സുന്ദരമാകയാൽ ഇന്നു പ്രചാരത്തിലിരിക്കുന്നു. അതിനാൽ സന്മാർഗ്ഗോദ്ദീപകങ്ങളായ കവിതകൾക്കു കൂടുതൽ പ്രചാരം വരുത്തേണ്ടതു് ഏതു മതത്തിൽപെട്ട കേരളീയരുടേയും കടമയാണു്. ഈദൃശമായ ഗ്രന്ഥങ്ങൾ സ്കൂളുകളിൽ പാഠ്യപുസ്തകങ്ങളായി സ്വീകരിക്കുക ഇതിനു ഒരു ഉത്തമമാർഗ്ഗമായിരിക്കും. ദുർഗ്രഹമായ മിക്കപദങ്ങളുടേയും അർത്ഥം ഫുട്ട്നോട്ടിൽകൊടുത്തിരിക്കുന്നതും ഈ ഉദ്ദേശ്യത്തിനു പററിയതാണു്. ഗദ്യകാരനായി അറിയപ്പെട്ടിരുന്ന ശ്രീ പാപ്പു. വി. പരവരം ഒരനുഗ്രഹീത കവികൂടി ആണെന്നു ഈ കൃതികൊണ്ടു് കാണാം. ഇനിയും അനേകകാവ്യതല്ലജങ്ങൾ ഈ കവിയിൽ നിന്നും ഉണ്ടായി കാണട്ടെ. കേരളീയരുടെ എല്ലാവിധമുള്ള പ്രോത്സാഹനവും ഈ യുവസാഹിത്യകാരൻ അർഹിക്കുന്നു.

Dr. P. J. THOMAS, K. S. G., M. A; D. Ph. (oxn)
Ret:d Economic adviser;
Government of India
19-12-1952

# ആമുഖം.

അടുത്തകാലത്തു്—ഏകദേശം അരനൂററാണ്ടിനു മുമ്പു്— ഇററലിയിൽ ജീവിച്ചിരുന്ന ഒരു ബാലികയാണു മരിയഗോരേററി. മാതാപിതാക്കന്മാരുടെ ശരിയായ ശിക്ഷണത്തിൽ വളൎന്നിരുന്ന അവൾ, സുപഥത്തിൽനിന്നും ഒരടിപോലും പിഴക്കാതെ സഞ്ചരിച്ചുപോന്നു. പന്ത്രണ്ടു വയസ്സു മാത്രം പ്രായമായിരുന്ന പ്രസ്തുത ബാലികയെ ഒരിക്കൽ കാമാന്ധനായ ഒരു യുവാവു് സമീപിച്ചു് അനുനയവചസ്സുകൾകൊണ്ടു പാട്ടിലാക്കുവാൻ ശ്രമിച്ചു. കവിയുടെ ഭാഷയിൽ പറയുന്നതായാൽ.

"കോപിച്ചീടൊല്ല കുമാരിനീ ചിന്തിക്ക
പാപമെന്തീ ജഡജീവിതത്തിൽ"
"ഇന്നത്തെ യാശകൾ പൂൎത്തിയാക്കീടുക
പിന്നത്തെ കാൎയ്യങ്ങൾ പിന്നെയല്ലേ''

എന്നീമട്ടിലായിരുന്നു അയാളുടെ അടവുകൾ. എന്നാൽ ഈ പൊടിക്കൈകൾ ഒന്നുകൊണ്ടും, ആ സുകൃതവല്ലിയെ വളയ്ക്കുവാൻ തരമില്ലെന്നു കണ്ടു നിരാശനായിത്തീൎന്ന അവൻ പൈശാചികരൂപം കൈക്കൊണ്ടു. എന്തിനധികം? അയാളുടെ കഠാരി അവളുടെ ശരീരത്തെ—ചാരിത്രത്തെയല്ല —ശിഥിലമാക്കി അങ്ങനെ ആ വീരവനിത മരണമടഞ്ഞു. ഇതാണു് പ്രസ്തുത കാവ്യത്തിലെ ഇതിവൃത്തം.

ചാരിത്രം ഏതുകാലത്തും ലോകത്തിനു ആദൎശമായിരിക്കേണ്ട ഒന്നാണു് കാമൻെറ കൃത്തിനുള്ളതല്ല അതെന്നും, സൎവ്വോപരി വിശിഷ്ടവും, വിശുദ്ധവുമായി പരിരക്ഷിക്കപ്പെടേണ്ട ഒന്നാണെന്നും. പ്രസ്തുത കാവ്യത്തിലെ നായികയായ മരിയഃഗാരേററി മാനവലോകത്തോടു ആഘാ

നം ചെയ്യുന്നു, വിഷയവൈശിഷ്ട്യം ഒന്നുകൊണ്ടുതന്നെ ഈ കാവ്യം സഹൃദയജനങ്ങളുടെ സല്ലാളനത്തിനു പാത്രമായിത്തീരാതിരിക്കുകയില്ല.

കാവ്യകർത്താവായ ശ്രീ പാപ്പു, വി പരവര പലനല്ല കൃതികളും എഴുതി ഇതിനു മുമ്പുതന്നെ കൈരളിയെ പ്രസാദിപ്പിച്ചിട്ടുള്ള ഒരു സാഹിത്യ പ്രണയിയാണു്. ഗദ്യകൃതികളെ കൊണ്ടാണു ഈ യുവാവു് ഇതുവരെ കൈരളീസപര്യചെയ്തിരുന്നതെങ്കിൽ ഇപ്പോൾ പദ്യകൃതികളെകൊണ്ടും ആ കൃത്യം നിർവ്വഹിക്കുവാനാണു പുറപ്പെട്ടിട്ടുള്ളതു്. മരിയഗോരേററി ആ മാർഗ്ഗത്തിൽ ഈ യുവകവിയുടെ ആദ്യത്തെ കാൽവെപ്പാണെന്നും സന്തോഷം പറഞ്ഞുകൊള്ളട്ടെ

ഇതിവൃത്തത്തെ ഏഴുഭാഗമായി തരംതിരിച്ചു ക്രമപ്പെടുത്തി ഈ കാവ്യത്തിൽ വർണ്ണിച്ചിരിക്കുന്ന ഗ്രന്ഥകാരനു കാവ്യരചനയിൽ അധികം അഭ്യാസമൊന്നും സിദ്ധിച്ചു കഴിഞ്ഞിട്ടില്ലെങ്കിലും വർണ്ണനകൾ പലതും കൌതുകജനകമായിത്തീർന്നിട്ടുണ്ടെന്നു പറയുവാൻ ഞാൻ മടിക്കുന്നില്ല. കവിയുടെ മനോധർമ്മവിലാസം വർണ്ണനകളിൽ പലേടത്തും പ്രസ്പഷ്ടമായി ആർക്കും കാണുവാൻ കഴിയും.

ഈ ലഘു കാവ്യത്തിനു് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നതോടെ ഇതിന്റെ കർത്താവായ ശ്രീ. പാപ്പുവിനു മേൽക്കുമേൽ ഉൽകൃഷ്ടങ്ങളായ കാവ്യങ്ങൾ രചിക്കുന്നതിനുള്ള ശക്തിയും പ്രേരണയും സംസിദ്ധമാകട്ടെ എന്നു നേർന്നുകൊള്ളുകയും ചെയ്യുന്നു.

ടി. എം. ചുമ്മാർ (മലയാളം പ്രൊഫസർ)
എസ്. എച്ച്. കോളേജ്,
തേവര.

# ഉപോദ്ഘാതം.

ചങ്ങമ്പുഴയുടെ കല്യാണസൌഗന്ധികത്തിന്റെ അവസാനത്തിൽ.

"പിംഗള, **** ബിജ്ഞയെന്നിവരേക്കാൾ
മംഗളപത്രങ്ങളേ നിങ്ങളെ പേടിപ്പൂഞാൻ"

എന്ന് മംഗളപത്രക്കാരേയും അതിനുദ്യമിക്കുന്ന കവിതക്കാരേയും ആക്ഷേപിച്ചിട്ടുണ്ട്. പിംഗളയെക്കാൾ അധഃപതിച്ച ഖണ്ഡകാവ്യമുണ്ടാകയില്ലെന്ന് അന്ന് ആ കൈരളീരമണൻ വിശ്വസിച്ചിരിക്കാം. സോണററെന്നും മിസ്റ്റിക്കെന്നും റൊമാൻറിക്ക് കവിതയെന്നുമെല്ലാം ലേബലൊട്ടിച്ച് ഈയിടെ പുറപ്പെടുന്ന ചില സാഹിത്യാരിഷ്ടങ്ങൾ കാണുമ്പോൾ കരളുള്ള കേരളീയനു് കരയാതിരിക്കുവാൻ കഴിയുകയില്ല. അല്പമെല്ലാം വിജയം വരിക്കാൻ കഴിഞ്ഞിട്ടുള്ള അംഗുലീപരിമിതന്മാരൊഴിച്ചാൽ കവിതയുടെ ക്രമപാതം ഞെട്ടിപ്പോയി എന്ന് വ്യസനിക്കുന്ന യഥാർത്ഥപണ്ഡിതന്മാരുടെ അഭിപ്രായം ആദരണീയമാണു്. മഗ്ദലനമറിയത്തിന്റെ 4വരികളിൽ 4 ചന്ദ്രന്മാരുടെ പ്രഭാപ്രസരണത്തിൽ വിലയംകൊള്ളുന്ന നെയിൻപട്ടണം ആസ്ഥാനമഹാകവി നമ്മുടെ മുമ്പിൽ പ്രദർശിപ്പിച്ചു. ആകാശത്തിലെ ചന്ദ്രനും നെയിൻ നഗരത്തിലെ രാജപാതയിൽ നടന്നുപോകുന്ന മറിയത്തിന്റെ മുഖമാകുന്ന ചന്ദ്രനും അവളുടെ കയ്യിലിരിക്കുന്ന പരിമളതൈലംനിറഞ്ഞ വെള്ളിത്തളികയായ ചന്ദ്രനും മിശിഹാതമ്പുരാനാകുന്ന ചന്ദ്രനും നിരന്നുനിൽക്കുന്ന ഈരടികൾ ഭാഷാഭിമാനികളെ പുളകംകൊള്ളിച്ചു. ചന്ദ്രൻ നിലാവൊളിയാലും മറിയം സൌന്ദര്യരശ്മിയാലും വെള്ളത്താലം സൌരഭ്യധോരണിയാലും ഭഗവാൻ ക്രിസ്തുദേവൻ

ഉപദേശ ചന്ദ്രികയാലും ഭാസുരമാക്കിയ ഗലേലഡിസ്റ്റ്റി ക്കിലെ നെയിൻ അനുവാചകരെ ആനന്ദനിമഗ്നരാക്കുന്നു. ഇതിനെപ്പററി ഒരാധുനിക കവിയോട്ട് സംസാരിക്കാനിടയായി. കവിതയുടെ ആ കാലം കഴിഞ്ഞുപോയെന്നും

"ആകാശഫാക്ടറിക്കുള്ളിൽ
ചന്ദ്രനൊത്തു സഖാക്കളും
പണിയെടുക്കാനൊരുങ്ങുന്നു.
ഷിഫ്റ്ററുസിസ്റ്റം മനോഹരം"

എന്നിങ്ങനെ അദ്ധ്വാനിക്കുന്ന ജനസമൂഹത്തിൻെറ സ്പന്ദനങ്ങൾ കവിതയിൽ ഉടനീളം കേൾക്കണമെന്നും എന്തിനേയും ആധുനികജീവിത വ്യവസ്ഥിതിയുമായി ഇടതട്ടിച്ചുകൊണ്ടു് പോകുന്നതാണ് യഥാൎത്ഥകവിതയെന്നും ഒററശ്വാസത്തിൽ അദ്ദേഹം പറഞ്ഞുതീൎത്തു. ഫാക്ടറിയും ചൂഷണവും ഷിഫ്റ്ററുസിസ്റ്റവുമെല്ലാം കയറി കവിത ഒരുമാതിരി കണക്കെഴുത്തോ ശാസ്ത്രഗ്രന്ഥമോ ആയിത്തുലയുകയാണു്. കവിത സമകാലികപ്രശ്നങ്ങളെ അഭിമുഖീകരിക്കരുതെന്നല്ല എൻെറ പ്രമേയം. പക്ഷെ സൌന്ദൎയ്യവും ചമൽക്കാരവുമില്ലാത്ത വിധത്തിലായാൽ അതിനു കവിതയെന്നു പേരിടരുതെന്നേ അപേക്ഷയുള്ളൂ. കഥാപ്രസംഗത്തിനൊരു മംഗലനമറിയവും കരുണയും മൃണാളിനിയും മററുമല്ലാതെ യാതൊന്നുമില്ലേ എന്നു് പുതിയ തലമുറ തെല്ലൊരസൂഖത്തോടെ അന്വേഷിക്കുമ്പോൾ തുറന്നുപറയേണ്ടിവരുന്ന ഒരു യഥാൎത്ഥ്യംകൂടിയാണിതു്.

ആശാൻതൊട്ടു ചങ്ങമ്പുഴവരെ വളർന്ന കവിത ഇന്നൊരു പ്രതിസന്ധിഘട്ടത്തിലുഴലുകയാണു്. ഈ സന്ധിയിൽ നല്ല കവിതകൾ ആവശ്യമായിരിക്കുന്നു. 12 വയസ്സിൽതന്നെ വിശ്വവന്ദ്യരുടെ ഗണത്തിലെയ്ക്കുയന്ന മ

രിയഗൊരേററിയെപ്പററി മി. പാപ്പു പരവര എഴുതിയ കവിതയ്ക്കു് ഉപോദ്ഘാതമെഴുതുകയെന്ന കർത്തവ്യം ഹൃദ്യമാക്കുന്നതും ഈ വിധത്തിലുള്ള ചിന്താഗതികളാണു്. മാംസാസ്ഥിമജ്ജകളുള്ള മനുഷ്യന്റെ വിഷയവാസനകളെ കമനീയ കവിതകൾ "കാന്താസമ്മിത''മായ ഉപദേശങ്ങൾ നൽകി നേർവഴിയിലേയ്ക്കു നയിയ്ക്കേണ്ടതിനുപകരം കാമോദ്ദീപകമായ രംഗങ്ങൾ പരത്തിപ്പരത്തിപ്പാടി മനുഷ്യഹൃദയത്തെ വികാരഭരിതമാക്കുന്ന മറെറാരു ദൂഷിച്ച നേട്ടവും ഇന്നത്തെ കവിതകൾ കൈയടക്കിയിട്ടുണ്ടു്. ആ So Called പുരോഗതിയുടെ മുന്നിലും മി. പാപ്പുവിന്റെ മറിയം ഗൊരേററി ഒരു ചോദ്യചിഹ്നമാണു്. അമരകോശവും സിദ്ധരൂപവും സമൂലം സേവിച്ചവനുമാത്രം മനസ്സിലാകുന്ന പദ്യപടഹങ്ങൾകൊണ്ടു് 'ലാത്തിച്ചാർജ്ജ്' ചെയ്തിരുന്ന പണ്ഡിതബൂർഷ്വാമാർക്കും ഈ കവിതാഗ്രന്ഥം ഒരു പുതിയ വ്യതിയാനമാണു്. പ്രായപൂർത്തി വോട്ടവകാശത്തോടുകൂടി രാഷ്ട്രഭരണംപോലും സാമാന്യക്കാരൻ കൈയടക്കി. എവിടെയും സാധാരണക്കാരൻ ഒരു കൈ നോക്കുവാൻ തയ്യാറായി. കവിതയായാലും പാടിനോക്കാനും പഠിക്കുവാനും ശ്രമിച്ചു.

"മുനിമാരും മുകരാത്ത സുഖചക്രവാളം" കവിതയിൽ കൂടി കാണുവാനും മുകരുവാനും മൂകലക്ഷങ്ങൾപോലും ഉണർന്നുതുടങ്ങി. ഈ സന്ധിയ്ക്കു യോജിച്ചവിധം ആർക്കും മനസ്സിലാകുന്ന ലാളിത്യവും പ്രസാദവും തുളുമ്പിനില്ക്കുന്ന ശയ്യയിലാണു് ഈ ഖണ്ഡകാവ്യം വിഹരിക്കുന്നതു്. മലയാളം എഴുതാനും വായിക്കാനും അറിയാത്തവർക്കുപോലും മരിയഗൊരേററി പാടിക്കേട്ടാൽ മനസ്സിലാകും. [illegible]രെങ്കിൽ ദുർഗ്രഹമായേക്കാവുന്ന എല്ലാ പദങ്ങൾക്കും ചുവടേ അർത്ഥം

ചേർത്തിട്ടുമുണ്ട്. ഈ ഗ്രന്ഥം സ്വാഗതാർഹമാണെന്നു് സിദ്ധാന്തിക്കുന്ന മൂന്നാമത്തെ കാരണമിതാണു്.

ദിവസത്തിന്റെ നെററിയിൽ പൊട്ടുപോലെ പരിലസിക്കുന്ന പ്രഭാതനക്ഷത്രം 1890 ഒക്ടോബർ 10-ാംതിയതി

"ഇററലിനാട്ടിൽ "കൊറിനാൾഡോ" ഗ്രാമത്തെ
ഉററുനോക്കിക്കൊണ്ടുയർന്നുവന്നു"

എന്ന ഉല്പോദ്ഘാതംതന്നെ ചേതസ്സമാകർഷകമായിരിക്കുന്നു. മലരണിക്കാടുകൾ തിങ്ങിയും മരതകകാന്തിയിൽ മുങ്ങിയും കരളും മിഴിയും കവർന്നു മിന്നുന്ന "കൊറിനാൾഡോ" ഗ്രാമത്തിലെ മഞ്ഞനിറമാർന്നംബരം

നെല്ലുവിളഞ്ഞുകിടക്കുന്ന പാടംപോ-
ലുല്ലസിച്ചംബരഭാഗമെല്ലാം! എന്നും

അപ്പോൾ പള്ളിയിൽനിന്നും മുഴങ്ങിയ മണിനാദം

"ജീവിതാദർശസമത്വം പരത്തുന്ന
ദേവാലയമണിനാദമപ്പോൾ
മാടിവിളിക്കുന്നു മാനവവൃന്ദത്തെ
ആടുകൾമേയ്ക്കുന്നൊരുവനെപ്പോൽ" എന്നും

വർണ്ണിച്ചിരിക്കുന്നു. പുരാവൃത്തങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ടു് മേരിയുടെ വളർച്ചയെ പരാമർശിക്കുന്ന രംഗം

"ഗാത്രകാന്തിയോഗ്യമാം ബദ്ലേം ഗ്രാമത്തിലെ
മാതൃകരത്തിലെ പൊൻസുതൻപോൽ"

എന്നു് കടുകിൽ കടൽപോലെ ഒതുക്കിയെങ്കിലും ആശയഗംഭീരമാക്കിയിട്ടുണ്ടു്. പിള്ളക്കട്ടിലിൽ താളമടിച്ചു് ആസന്നതയമ്മയെനോക്കി നിർമ്മലമായ മന്ദഹാസം പൊഴിച്ചുകിടക്കുന്ന ശിശുവായ മേരിയുടെ ചിത്രം മനസ്സിൽനിന്നു് മായാത്തവിധം വാക്ചിത്രങ്ങൾകൊണ്ടു് മനോഹരമാക്കിയിരിക്കുന്നു.

പിള്ളപ്പര്യങ്കത്തിൽ താളമടിച്ചവം-
തള്ളയെനോക്കിയുപധാനത്തിൽ,
നിഷ്കളങ്കാഭോഗപുഞ്ചിരിതൂകുന്ന
ശ്രുഷ്ക്കിച്ചഗേഹത്തിൽ ദാന്തയായി.

നമ്മുടെ കുട്ടികൾക്ക് മനഃപാഠമാക്കാൻ പററിയ പല ഈരടികൾ ഈ ഗ്രന്ഥത്തിലുണ്ട്. സ്ഥാലീപുലാകന്യായേന ചിലതു് ഉദ്ധരിച്ചുകൊള്ളട്ടെ.

പാടിക്കൊട്ടത്തവളീശ്വരഗീതങ്ങൾ
കൂടപ്പിറപ്പുകൾ മൂന്നുപേക്കും.
പ്രാത്ഥിക്കും താതനും മാതാവുംമക്കളും
സ്വാത്ഥപരിത്യാഗ മൂത്തികളായ്.
"കാണാമവളെയാ അമ്മതൻപാരത്തൊ-
രേണക്കുമാരിയെപ്പോലെഎന്നും"
കാലത്തെ മേരിയുണൎന്നുഗൃഹത്തിലെ
വേലകളെല്ലാംകഴിച്ചുവേഗം
പള്ളിയിൽ ഭക്ത്യാഗമിച്ചുതിരിച്ചവ-
ളുള്ളിലുണ്ണി മിശിഹായുമായി.
"ലോകംതുറക്കുവാനേന്തുന്ന കർഷകൻ
പോകുന്നതാക്കോൽ കലപ്പയുംതാൻ"

കലപ്പയാകുന്ന താക്കോൽകൊണ്ടു് കർഷകൻ ലോകം തുറക്കുമെന്ന ആശയം അചുംബിതമായിരിക്കുന്നു.

കർഷകൻ കലപ്പയെടുക്കാതിരിക്കുന്നപക്ഷം ലോകം നിശ്ചലമായിത്തീരുമെന്നു് കവി വിധി പ്രസ്താവിക്കുന്നു. മറിയം ബാല്യത്തികവിലേതന്നെ സുന്ദരീലലാമമായിത്തീൎന്ന വസ്തുത

മന്ദം വിടരേണ്ടുമാരോഗ്യസൂനത്തിൻ
സുന്ദരകോരകമെന്നപോലെ,

കൗമാരകാലത്തികവാൻ സൗന്ദര്യ
ധാമമായ് മേരി വളൎന്നുവന്നു.

എന്നു് പുളകം വളൎത്തുമാറു് പ്രതിപാദിച്ചിരിക്കുന്നു.

പാവപ്പെട്ടവനെനോക്കി നക്രബാഷ്പം പൊഴിക്കുന്ന ഒരു 'ഫാഷൻ' ഇപ്പോൾ എല്ലാഭാഗത്തും തലപൊക്കിയിട്ടുണ്ടു്. ആ കാൎയ്യത്തിൻെറ പിറകിൽ തൂങ്ങി വെറുതേ സമയം കളയാതെ വല്ലതും പ്രവൎത്തിയ്ക്കുന്നതാണ് ആവശ്യവും കൎത്തവ്യവും. എന്നാൽ ഈ കവിതയിൽ കുമാരിയായ മേരിയുടെ പട്ടിണിയെപ്പററി പരാമൎശിക്കുമ്പോൾ

"പ്രാതൽവിളമ്പിയാതമ്പിമാൎത്രയും
പ്രീതിപകൎന്നു കഴിഞ്ഞശേഷം,
ശേഷിച്ചതില്ലന്നൊരൽപവും കഷ്ടമ-
ക്കാർഷികകന്യക പട്ടിണിയായ്"

എന്നു് ഹൃദയസ്പൎശകമായിച്ചെയ്യുന്ന പ്രസ്താവന തികച്ചും സ്ഥാനസ്ഥിതമാണ്. യൌവനത്തിൻെറ പടിയിൽപോലും പദമൂന്നാത്ത ബാലികയുടെനേരെ കാമാൎത്തിയോടെ പാഞ്ഞടുക്കുന്ന അലക്സാണ്ഡറെ

പൂമൊട്ടിൻതേൻ നുകൎന്നീടുവാനല്ലെങ്കിൽ
വ്യാമോഹം കാട്ടുന്ന വണ്ടുപോലെ. എന്നും

"ആടിനെ കണ്ട ചെന്നായപോലെ" എന്നുമുള്ള മാലോപമയിൽക്കൂടി സ്വഭാവനിരൂപണപാടവത്തോടെ ആവിഷ്ക്കരിച്ചിട്ടുണ്ടു്.

"ആണുങ്ങളില്ലാത്ത വീട്ടിലധികാരം
കാണിപ്പാനിങ്ങനെ കേറും ചിലർ"

എന്നീവരികൾ സന്മാൎഗ്ഗശുദ്ധിയില്ലാത്ത പല ചെറുപ്പക്കാരുടേയും രഹസ്യ പരിപാടികൾക്കു് ചുട്ടടിയായിട്ടുണ്ടു്. അവിവാഹിതനായ ഗ്രന്ഥകാരൻ ഇങ്ങനെ ഉപദേ

ശിക്ഷനാതു് ആലോചനാമൃതവുംകൂടിയാണു്. ശൃംഗാരല ഹരിയിൽ അന്ധനായ അലക്സാണ്ഡറുടെ ആക്രമണം എത്ര കാര്യമാത്ര പ്രസക്തമായിപ്പറഞ്ഞൊതുക്കിയിരിക്കുന്നു.

കാമപ്പൂളപ്പുകൊണ്ടന്ധനലക്സാണ്ടർ
വ്യാമോഹരാക്ഷസനായിമാറി,
ഗജ്ജിച്ചുമേരിതൻ ചാരത്തുനിർലജ്ജം
പ്രജ്ഞാവിഹീനനായ് പാഞ്ഞടുത്തു.

ഒരുപക്ഷേ ഇന്നത്തെ ലൈംഗിക വിദ്യാഭ്യാസ പ്രേ ഷിതന്മാരുടെ കയ്യിലെങ്ങാനും ഈ ഭാഗം കിട്ടിയെങ്കിൽ അതെത്ര മലീമസമായിത്തീരുമായിരുന്നു. ആലുവായിൽ കത്തോലിക്കാ കോൺഗ്രസിനു് പ്രദശിപ്പിച്ച സിനിമായി ൽപോലും ഈ രംഗം കുറച്ചു് പരിധികടന്നുപോയതായി സദസ്യർ അഭിപ്രായപ്പെട്ടു. വ്രണിതയായി രക്തത്തിൽപു തഞ്ഞുകിടക്കുന്ന മകളെക്കണ്ടു മോഹിച്ചുവീണ ആസൂന്തയ മ്മ വീണ്ടുമെഴുന്നേററു് മേരിയെക്കാണാൻവന്ന കൂട്ടുകാര ത്തികളേയും സഹജരേയും വിളിച്ചു് ആ മുറിവുകൾനിറ ഞ്ഞ ശരീരം കാണിച്ചുകൊണ്ടു്

''കൂട്ടുകാരത്തി കിടക്കുന്ന മക്കളെ
കാട്ടാനകുത്തിത്തകർത്തപോലെ''

എന്നു് "തോററക്കം" പറഞ്ഞു വാവിട്ടു കരയുന്നതു് വായിക്കുമ്പോൾ അനുവാചകർക്കുടെക്കരഞ്ഞുപോകും.

ഗോരേററിവീട്ടിന്നയൽക്കാരരുൽക്കാരാ-
ലോരോമനോഗതതർപ്പണത്തിൽ,
ലൂയിഗേഹത്തിനുൾക്കാമ്പാന്നകനന്മണി
കായുന്ന കയ്യണി"കൊന്ത"തന്നിൽ.

ഗോരേററിവീട്ടുകാരുടെ അയൽക്കാർ നെല്ലുവെയില ത്തിട്ടുണക്കി വിററു് ഓരോ കാര്യങ്ങൾ നേടുമ്പോൾ ഗോ

രേററിവീട്ടുകാരുടെ കൊന്തമണികളാകുന്ന നെന്മണികൾ പ്രാൎത്ഥനയുടെ അനന്തരഫലമായി ചൂടുപിടിച്ചു. ഇങ്ങനെ അങ്ങോളമിങ്ങോളം ആസ്വാദനാൎഹങ്ങളായ ഈരടികളാൽ സങ്കീൎണ്ണമാണു് "മരിയഗോരററി"

ഗ്രന്ഥകാരൻെറ പ്രഥമപദ്യകൃതിയെന്നനിലയിൽ സഹിക്കാവുന്ന ചില വൈകല്യങ്ങൾ ഇതിൽ വന്നുകൂടിയിട്ടുണ്ടെന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല. എണ്ണപ്പെട്ടവരുടെ ആദ്യസാഹിത്യയത്നങ്ങളിൽ പോലും സാൎവത്രികമാണവ. രചനാസൌഷ്ഠവത്തിനു വിലങ്ങടിക്കുന്ന ചില ക്ലിഷ്ടപദങ്ങൾ, വൃത്തബന്ധത്തിൽ നിഷ്കൎഷിക്കാത്ത ഏതാനും പദ്യങ്ങൾ, പ്രസിദ്ധിഹതങ്ങളായ വാക്കുകളുടെ ആക്രമണം ഇവയെല്ലാം ക്ഷമിക്കാവുന്ന രസവിച്ഛിത്തികളാണു്. എങ്കിലും ജനോവപൎവ്വത്തിനുശേഷം കൃസ്തീയാന്തരിക്ഷത്തിൽ വികസിച്ചു—അതേ രീതിയിലും ശയ്യയിലും ഉതിരെടുത്ത—രണ്ടാമത്തെ ഖണ്ഡകാവ്യകുസുമമാണു് മരിയഗോരേററി. താരാട്ടോടുകൂടി ജനോവപൎവ്വം പാടിത്തന്ന പരേതയായ മാതാവിനോടു് എൻെറ കഥാപ്രസംഗങ്ങൾ കടപ്പെട്ടിട്ടുണ്ടു്. കാവ്യാസ്വാദനതൃഷ്ണപിള്ള തൊട്ടിലുകളിൽകൂടി കുഞ്ഞുങ്ങളിൽ രൂഢമൂലമാകത്തക്കവിധം കേരളീയമാതാക്കൾ മരിയഗോരേററി പാടുന്നതു് കേൾക്കുമാറാകട്ടെ എന്ന ആശംസയോടുകൂടി പരവരയുടെ കവിതയ്ക്കു് സകലസിദ്ധികളും നേൎന്നുകൊള്ളുന്നു.

കൈമാപറമ്പൻ.

ആലുവാ,
18—8—'53.

# പ്രസ്താവന

ആയിരത്തിത്തൊള്ളായിരത്തി അൻപത്തിമൂന്നാം കാലം-കടലാക്രമണവും, എവറസ്റ്റാരോഹണവും നടത്തി, കൊറിയൻസമാധാനത്തിൽ സമാശ്വസിച്ചു്, റഷ്യൻ അന്തരീക്ഷം "കാഞ്ഞൂപ്പോത്തു്" (Medusa) പോലെ രൂപപ്പെടുത്തി, വ്യവസായം, ഭക്ഷ്യോല്പാദനം, ശാസ്ത്രവിജ്ഞാനം മുതലായവയിൽ മുന്നേറി, ചരിത്രത്തിൽ അഭൂതപൂർവ്വമായ സ്ഥാനം കൈക്കലാക്കി കുതിച്ചുപായുമ്പോൾ, ഹൃദയഭിത്തികൾക്കുള്ളിൽ നിയന്താവു കൊളുത്തിയ കെടാദീപത്തെ, അതേ, ചരിത്രം, അതിന്റെ പ്രഥമ പുറം പട്ടത്തെടുത്ത ചാരിത്രത്തെ ചാരത്തിന്റെ വിലക്കു വിററു്, കൊച്ചമ്മയും, യജമാനനും ചമഞ്ഞു് സാധാരണക്കാരനെ പുഛിച്ചു്, സാധുജനഹൃദയങ്ങളിൽ ഉതപ്പ് വളർത്തി, തന്നത്താൻ മറന്നു്, ഞെളിഞ്ഞു്, ജീവിതം ക്ഷണേന കത്തിച്ച കുരവപോലെ നയിച്ചു്, കരഞ്ഞു കണ്ണീർ കുടിച്ചു കാലയവനികക്കുള്ളിൽ-നിരാശരായി അന്തർദ്ധാനംചെയ്യുന്ന എത്രയെത്രപേരെ നാം കണ്ടിട്ടില്ലേ? ഈ ഒരു ചോദ്യചിഹ്നം—രോമാഞ്ചത്തോടുകൂടിയല്ലാതെ ഹൃദയമുള്ളവർക്കു 1950 ജൂലൈ 5—ാംതീയതി മുതൽ സ്മരിക്കുവാൻ സാധിക്കാത്ത ആ "മരിയ ഗൊരേററി" അഥവാ 'ചാരിത്രദീപം' ഭാരത ജനനിയുടെ ചതുര സ്വാതന്ത്ര്യകാലഹസ്താശ്ലേഷാനന്ദത്തിൽ ആറാടി ഈ ഒക്ടോബർ പതിനാറാം ദിനം രംഗപ്രവേശംചെയ്യുമ്പോൾ സഹൃദയലോകമേ അനുഗ്രഹിച്ചാലും!

ഏതൊരു ദരിദ്രനും വിദ്യാവിഹീനനും വിശ്വാസത്തിന്റെ വിസ്തൃത വീഥിയിൽകൂടി വേണ്ടപോലെ വിഹ

രിക്കുവാനും വിമലവിണ്ഡലവാടികയിൽ വിശ്രമിക്കുവാനും വഴിയുണ്ടെന്നു വ്യക്തമാക്കിയ ഒരു ഗ്രാമീണ വരേണ്യ വീര വനിതാ രത്നമാണ് നമ്മുടെ കഥാനായിക "മരിയഗൊരേററി". ദൈവത്തെ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്യുകയെന്നതിന്റെ അർത്ഥം ഞാൻ മനസ്സിലാക്കുന്നതു് തീവ്രമായ കഷ്ടാരിഷ്ടതകളും, യാതനകളും അനുഭവിക്കുവാനുള്ള ബിരുദംസമ്പാദിച്ച ഒരു ബാലികയെന്നുമാത്രമാണ്.

1949—ൽ സംജാതമായ എന്റെ ഗദ്യകൃതിയുടെ കൂടപ്പിറപ്പായി 1950—ൽ അതേ, മരിയഗൊരേററിയെ "വിശുദ്ധ"യെന്നു പരിശുദ്ധ പിതാവു് നാമകരണം ചെയ്ത ആ സുദിനത്തിൽതന്നെ ഈ പദ്യകൃതി ഞാൻ എഴുതി തീർത്തു എന്നുള്ളതു് ഒരു പച്ചപരമാർത്ഥമാണെങ്കിലും, അച്ചടിശാലയിൽക്കൂടിയുള്ള പുനർജന്മത്തിനു കുറെ കാലതാമസം നേരിട്ടു. വിശുദ്ധന്മാരായ തോമയുടേയും, ശൗരിയാരുടേയും ജൂബിലിമഹാമഹങ്ങളിൽ ഇതു പ്രസിദ്ധീകരിക്കണമെന്നുദ്ദേശിച്ചു് അച്ചടിവേലകൾ ആരംഭിച്ചുവെങ്കിലും ആകസ്മികമായുണ്ടായ ഒരു വിദൂര യാത്രയും അതിനുശേഷം, അഭിമുഖീകരിക്കേണ്ടിവന്ന ഒരു പഞ്ചായത്തു തിരഞ്ഞെടുപ്പും എന്റെ ഉദ്ദേശസാദ്ധ്യതക്കു് ഭംഗംവരുത്തി. പദ്യസാഹിത്യസരിത്തിൽ ഇതിനുപരി കൂടുതൽ സഞ്ചരിച്ചു് പരിചയവും, പരിജ്ഞാനവും പാട്ടിലാക്കാത്ത എനിക്കു്, മരിയഗൊരേററി നടത്തിയ ആ വീരകൃത്യത്തോടുള്ള ബഹുമാനവും, തദ്വാരാ ആ പുണ്യവതിയോടുള്ള ഭക്തിയും മാത്രമാണ് ഈ കാവ്യരചനക്കു് പ്രേരകം നൽകിയ രണ്ടു ശക്തികൾ.

<u>ആമുഖം.</u> വിദ്വാൻ ടി. എം. ചുമ്മാർ അവർകൾ എന്റെ വന്ദ്യ ഗുരുഭൂതനാണ്. കൂനമ്മാവു് സെൻറു്

ഫിലോമിനാസ് ഇംഗ്ലീഷ് സ്ക്കൂളിലെ മാതൃഭാഷാദ്ധ്യാപകനെന്ന നിലയിൽ ഇദ്ദേഹത്തിൽനിന്നും എനിക്കു ലഭിച്ചിട്ടുള്ള അറിവ് വിശാലവും, ശാശ്വതവുമാണ്. ഇദ്ദേഹത്തിൽ, സാർവ്വത്രികമായി അന്നും ഇന്നും വിളങ്ങി പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഗുണമഹത്വാദികൾ ഇവിടെ സവിസ്തരം ഞാൻ രേഖപ്പെടുത്തുവാൻ മുതിന്നാൽ ഈ പ്രസ്താവന ഒരു മഹാഗ്രന്ഥമായി രൂപമെടുക്കുകതന്നെ ചെയ്യും. സി. വി. യുടെ ആഖ്യായികകൾ, ഭാഷാകവിത,(ഭാഷാപദ്യസാഹിത്യചരിത്രം) മഹാകവി കുഞ്ചൻനമ്പ്യാർ, രാജർഷി എന്നു തുടങ്ങിയ അനേകം അമൂല്യഗ്രന്ഥങ്ങൾ കൈരളീഹസ്തങ്ങളിൽ അർപ്പിച്ചിട്ടുള്ള ഇദ്ദേഹത്തിൻെറ പാണ്ഡിത്യം എത്രമാത്രമെന്നു പ്രസ്താവിക്കുവാനുള്ള ശക്തി എനിക്കില്ല. ലളിതസുന്ദരങ്ങളായ പ്രൗഢലേഖനപരമ്പരകൾകൊണ്ട്, ഏതൊരു ഹൃദയത്തിലും വിജ്ഞാനവും ആനന്ദവും പകർന്നുകൊണ്ടിരിക്കുന്ന ഇദ്ദേഹം "ജയഭാരതം"മാസികയുടെ കാര്യദർശിയുംകൂടിയാണെന്നുള്ളതു് ഇവിടെ പ്രത്യേകം സ്മരണീയമാണ്. തേവര "സേക്രഡ്ഹാർട്ട്" കോളേജിലെ മലയാളം പ്രൊഫസർ എന്ന നിലയിൽ പ്രതിവർഷം ആയിരമായിരം വിദ്യാത്ഥികളുടെ ഭാവിഭാസുര പൗരതയെ കരുപ്പിടിച്ചു്, പരിപൂൎണ്ണമാക്കി രംഗത്തിറക്കിവിടുകയെന്ന ഉത്തരവാദിത്വഭാരം സ്തുത്യർഹമായി വഹിക്കുന്ന ഇദ്ദേഹത്തെ കണ്ടാൽ "ഒരു സാധാരണവ്യക്തി"എന്നു മാത്രമേ ആരും കരുതുകയുള്ളൂ. ഏവംവിധം ഓരോനിമിഷവും അമൂല്യമായ കൃത്യനിർവഹണത്താൽ, പരിപൂൎണ്ണമാക്കി ജീവിക്കുന്ന എൻെറ വന്ദ്യ ഗുരുഭൂതൻ ഈ ലഘുകാവ്യത്തിനു "ആമുഖം" ചാർത്തിതന്നതിൽ, സച്ചിദാനന്ദൻ ദീർഘായുസ്സും, ആരോ

ഗ്യവും അദ്ദേഹത്തിന്ന പ്രദാനം ചെയ്യട്ടെ എന്നുള്ള പ്രാൎത്ഥന എന്നൊന്നും ദക്ഷിണവയ്ക്കുവാൻ മാത്രമേ എനിക്കു ശക്തിയുള്ളൂ.

ഉപോദ്ഘാതം. ശ്രീ ജോസഫ് കൈമാപറമ്പൻ ഒരു തികഞ്ഞ കാഥികനാണെന്ന് ഭാരതീയർ മാത്രമല്ല പുറത്തുള്ളവർപോലും പണ്ടേ പ്രഘോഷിച്ചിട്ടുള്ളതാണ്. സുകുമാരകല (സംഗീതം, സാഹിത്യം, ചിത്രമെഴുത്ത്) ജീവനുള്ള ഒന്നാണെന്ന് ഭാഷാപണ്ഡിതന്മാർ സമ്മതിക്കുമെങ്കിൽ ഒരു ഉത്തമ കാഥികനെ "സുകുമാരകല"യുടെ മൂൎത്തീഭാവം എന്നു കരുതുന്നതിൽ തെല്ലും തെററില്ലെന്നാണ് എൻെറ അഭിപ്രായം. സംഗീതാഭിനയങ്ങൾകൊണ്ടു് ആകർഷിച്ചും, സാഹിത്യപ്രതിപാദനങ്ങളാൽ ചിന്തിപ്പിച്ചും, ഉദാഹരണങ്ങളും വിവരണങ്ങളുംകൊണ്ടു് ആശയാദർശചിത്രങ്ങൾ വരച്ചും ഏതൊരു ഹൃദയത്തേയും ആനന്ദിപ്പിക്കുന്നതിനും പുറമെ സന്മാൎഗ്ഗത്തിലേക്കു് ആരെയും ക്ഷണേന നയിക്കുന്നതിനുള്ള കഴിവും ഒരു ഉത്തമകാഥികനുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല. 1949-ൽ രാമപുരത്തു നടന്ന അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിനോടനുബന്ധിച്ച് ശ്രീ ജോസഫ് കൈമാപറമ്പൻ അവർകൾ നടത്തിയ കഥാപ്രസംഗം ഭാരതീയരും അല്ലാത്തവരുമായ വൈദികശ്രേഷ്ഠന്മാരെയും, മററനേകം പ്രമുഖ നേതാക്കന്മാരേയും, അത്ഭുതപരതന്ത്രരാക്കിത്തീൎത്തുയെന്നുള്ളതിന്ന ഞാൻ ദൃക്സാക്ഷിയാണ്. ഒരു യുവസാഹിത്യകാരൻ എന്ന നിലയിലും, ഒരു ഉത്തമ കാഥികൻ എന്ന നിലയിലും ഇദ്ദേഹം ഈ പുസ്തകത്തിന്ന "ഉപോദ്ഘാതം" എഴുതിത്തന്നു് എൻെറ ഈ എളിയ ഉദ്യമത്തെ പ്രോത്സാഹിപ്പിച്ചതിനും പുറമെ 'ജയഭാരതം'

പ്രസ്സിൻെറ മാനേജിംഗ് ഡയറക്ടർ എന്ന നിലയിൽ ഈ പുസ്തകത്തിൻെറ അച്ചടിവേലകൾ, പ്രൂഫ് തിരുത്തി പൂർത്തിയാക്കിത്തന്നതിൽ എനിക്കു് അദ്ദേഹത്തോടുള്ള ആത്മാർത്ഥമായ നന്ദി ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

അവതാരിക. ഡോക്ടർ പി. ജെ. തോമസ്, കെ. എസ്. ജി. അവർകളെപ്പററി കേൾക്കാത്തവരായി വളരെ ചുരുക്കംപേർ മാത്രമെ ഉണ്ടാവുകയുള്ളു. ഉദ്ദേശം മൂന്നുവർഷത്തിനപ്പുറംവരെ ഭാരതകേന്ദ്രത്തിൻെറ സാമ്പത്തികോപദേഷ്ടാവായി സേവനം നടത്തിയിരുന്ന ഇദ്ദേഹത്തെ ഞാൻ പരിചയപ്പെട്ടിട്ട് ഇപ്പോൾ 5 വർഷമായിട്ടുണ്ടെന്നാണ് എൻെറ ഉദ്ദേശം. ധനതത്വശാസ്ത്രത്തിൽ താൻ സമാർജ്ജിച്ച വിജയം ലോകത്തിലെ പ്രഥമഗണനീയരായ തത്വശാസ്ത്രജ്ഞന്മാരെപ്പോലും തെല്ലൊന്നു് അമ്പരപ്പിച്ചു. ഇംഗ്ലീഷ് ഭാഷയിൽതന്നെയല്ല, മാതൃഭാഷയായ മലയാളത്തിലും ഇദ്ദേഹം രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളുടെ എണ്ണവും അവയുടെ മാഹാത്മ്യവും ഇവിടെ ഓരോന്നായി പ്രതിപാദിക്കുക അത്ര എളുപ്പമല്ല. പാശ്ചാത്യഭാഷയിലുള്ള ഇദ്ദേഹത്തിൻെറ പാണ്ഡിത്യം നിമിത്തം ഇദ്ദേഹം ഒരു പാശ്ചാത്യനാണെന്നുപോലും പലരും പറയുവാൻ കാരണമാക്കിയിട്ടുണ്ട്.

ലോകത്തിൻെറ നാനാഭാഗങ്ങളിൽ സഞ്ചരിച്ച് ജ്ഞാനം സമ്പാദിക്കുകയും മഹാത്മജിയുമായി അടുത്ത സമ്പർക്കത്തിൽ ഏർപ്പെടുകയും ചെയ്ത ഇദ്ദേഹം പണ്ടേതന്നെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറ ഒരു സജീവാംഗവും, സേവകനുംകൂടിയാണെന്നുള്ള വസ്തുതയും ഇവിടെ പ്രത്യേകം സ്മരണീയമാണ്. പാലാ കോളേജിലെ പ്രിൻസിപ്പലായും, തിരു-കൊച്ചി സ്റേറയിററിൽ കുടിൽവ്യവസായ ബോർഡിൻെറ ചെയർമാനായും ജോലിനിർവ്വഹിച്ച ഇദ്ദേഹത്തിൻെറ സേവനസന്നദ്ധത എത്രമാത്രമെന്നു ഞാൻ പ്രസ്താവിക്കാതെതന്നെ നിങ്ങൾക്കറിയാവുന്നതാണല്ലൊ. നാനാപ്രകാരേണ, 'ഒരു മഹാൻ' എന്ന പേരിനു

തികച്ചും അർഹനായ ഇദ്ദേഹം എൻെറ ഈ എളിയ പദ്യകൃതി വായിച്ച് ഇതിനെ ബഹുജനസമക്ഷം അവതരിപ്പിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചതിൽ ഞാൻ ഇദ്ദേഹത്തോട് ആജീവനാന്തം കടപ്പെട്ടവനായിരിക്കും.

ഈ പുസ്തകത്തിൻെറ പുറംതാളിൽകാണുന്ന കഥാനായികയുടെ ചിത്രം ഒഴിച്ചുള്ള ഇതരഭാഗങ്ങൾ പല ജോലിത്തിരക്കുകൾക്കു മദ്ധ്യേ ഭംഗിയായി വരച്ചുതന്നു ഈ കൃതിയെ ആകർഷകമാക്കിത്തീർക്കുവാൻ സഹായിച്ച ശ്രീ. തോമസ് വാത്തികുളം അവർകളോട് എൻെറ അഭ്യുദയകാംക്ഷിയെന്ന നിലയിൽ എനിക്കുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

വി. ഗൊരേററിയുടെ മാതൃത്തൃപ്പാദങ്ങളിൽ സമർപ്പിച്ചിരിക്കുന്ന ഈ പുസ്തകത്തിൻെറ ഏതാനും പ്രതികൾ ഉടനെതന്നെ ആ വീരജനനിക്കു ഞാൻ അയച്ചുകൊടുക്കുന്നുണ്ടെന്നും മാന്യവായനക്കാരെ സസന്തോഷം അറിയിച്ചുകൊള്ളുന്നു.

അഭിമാനത്തിൻെറ അനശ്വര ആകാരത്തിൽ, ആദർശത്തിൻെറ അമർത്തപ്പെടാത്ത ആവേശത്തിൽ, ആധുനിക അവനീവേദിയിൽ അരങ്ങേറി, ആശാസപ്രദൻെറ അഭൗമിക ആഹ്വാനങ്ങളെ അതേപടി ആലപിച്ച്, അന്ധതയുടെ ആഴമേറിയ ആക്രോശത്തെ അടിച്ചമർത്തി, ആസ്സന്ത അമ്മയുടെ അമോഘ സമ്പത്തായ മരിയഗൊരേററി, ആമുഷ്മിക ആരാമത്തിൽ ആനന്ദിക്കുമ്പോൾ സ്വാതന്ത്ര്യവ്യാപ്തിയും, ചാരിത്രശുദ്ധിയും, നിറഞ്ഞുനിൽക്കുന്ന മരിയയുടെ ഹൃദയത്തിൽനിന്നും സ്വർഗ്ഗസുഷമ കവിഞ്ഞൊഴുകി എല്ലാ യുവതീയുവാക്കന്മാരുടെയും ഹൃദയങ്ങൾ നിത്യദീപ്തങ്ങളാകട്ടെയെന്നുള്ള ആശംസാസഹിതം ഈ കാവ്യോപഹാരം ഞാനു സഹൃദയകരങ്ങളിൽ ഏൽപ്പിക്കുന്നു.

തൃക്കാക്കര
15th Aug. 1953.

എന്ന്,
ഗ്രന്ഥകർത്താ.

# കഥാസാരം.

ഇററലിയിൽ "കൊറിനാൽഡൊ" ഗ്രാമത്തിൽ 1890 ഒക്ടോബർ 16-ാം തീയതി 'ലൂയിഗൊരേററി' അസൂന്തകർലീനിയെന്ന കത്തോലിക്കരായ ദരിദ്രദമ്പതിമാരുടെ കനിഷ്ഠസന്താനമായി "മരിയഗൊരേററി" ഭൂജാതയായി. പൂഴിയും ആഴിയും, ആകാശവും അഖിലജീവജാലങ്ങളും ആ സുദിനത്തിൽ അത്ഭുതപൂൎവ്വമായ ആനന്ദത്തിൽ ആറാടി. മരിയ ജനിച്ച ആ ദിവസംതന്നെ ജ്ഞാനസ്നാനത്താൽ പുനൎജ്ജനിച്ച്, ദൈവവുമായി ബന്ധംപുലൎത്തി സത്യത്തിന്നും, നീതിക്കും വേണ്ടി നിലകൊണ്ടിരുന്ന ഭക്തരായ ലൂയിയും, ഭാൎയ്യയും, ദാരിദ്ര്യപ്പിശാചിൻെറ കരാളഹസ്തങ്ങളിൽ അനുസ്യൂതം അമൎത്തപ്പെട്ടിരുന്നു.

മേരി, ശിശുപ്രായം മുതൽതന്നെ മാതാപിതാക്കന്മാരുടെ പരിലാളനയിൽ ആനന്ദിച്ചും ദൈവഭക്തിയിൽ അഭിരുചി പുറപ്പെടുവിച്ചും വളൎന്നുവന്നു. സൌരഭ്യവാഹിയായ മന്ദമാരുതൻ ആ പിഞ്ചുബാലികയെ ആശ്ലേഷിക്കുവാനും പറവകുലംഗാനാലാപം മുഴക്കി ആനന്ദിപ്പിക്കുവാനും അന്നനാൾ ആ കൊച്ചുവീട്ടിൽ ചെല്ലുക പതിവായിരുന്നു. മൂന്നു സഹജാതരുമൊത്തു ജീവിക്കുവാനുള്ള ഭാഗ്യം ആറുവയസ്സായപ്പോൾ മേരിക്കു ലഭിച്ചു. വൎദ്ധിച്ചുവന്ന ജീവിതഭാരത്തിനു അൽപം കുറവുലഭിക്കുമെന്നുള്ള ഉദ്ദേശ്യത്തിൽ ലൂയിസകുടുംബം "കൊള്ളെജിയത്തുക്കൊ"യെന്ന സ്ഥലത്തു മാറിത്താമസിച്ചു. അവിടെവെച്ചു ആ ദമ്പതിമാൎക്കു മറെറാരു സന്താനവുംകൂടി സംജാതമായി.

താങ്ങുവാൻ വഹിയാത്ത ജീവിതവ്യയം ലൂയിയെ വീണ്ടും "ഫേറിയറെഡിികോൺക''-യെന്നൊരു മലനാട്ടിലേക്കു, സകുടുംബം ആനയിച്ചു. പുതിയ ഒരു വീടുവയ്ക്കുവാൻ കഴിവില്ലാതിരുന്ന ആ ഗൃഹസ്ഥൻ, 'ജിയോവിന്നി' യെന്ന ഒരാളുടെ വീട്ടിൽ കുറച്ചുഭാഗം വാടകക്കുവാങ്ങിതാമസിച്ചു്, മുസ്സലോനിയെന്ന ഒരു ധനവാൻെറ വയലിൽ കൃഷിയുംതുടങ്ങി, ജീവിക്കുവാനുള്ള വകകൾ അവക്കു അവിടെനിന്നു ലഭിച്ചിരുന്നുവെങ്കിലും, മലമ്പനിയുടെ ശല്യം അസഹനീയമായിരുന്നു. കുറെനാൾ കഴിഞ്ഞു ലൂയിക്കു മലമ്പനിബാധിച്ചു, പല ചികത്സകൾ നടത്തിയിട്ടും ഫലമുണ്ടാകാതെ പ്രേയസിയും, അഞ്ചു കുഞ്ഞുമക്കളും കാൺകെ ആ കുടുംബനാഥൻ ദിവംഗതനായി. ആസൂന്തയും മക്കളും മറുനാട്ടിൽ എവിടെയെങ്കിലും പോയി ജീവിക്കണം എന്ന അന്ത്യവാക്കുകളായിരുന്നു ലൂയിയുടേതും.

മരിയക്കു പത്തുവയസ്സ് കഴിഞ്ഞു. അവൾക്കു ആത്മികവും, ശാരീരികവുമായ സൗന്ദര്യത്തിൽ അസൂയാവഹമായ ഒരു വളർച്ചയാണു ഉണ്ടായിരുന്നതു്. ജിയോവിന്നിക്കു 'ഗാസ്പർ' 'അലക്സാണ്ടർ' എന്ന മക്കൾ ഉണ്ടായിരുന്നു. നീചവും, പാപപരിവേഷ്ടവുമായ മാർഗ്ഗത്തിൽ ജീവിച്ചിരുന്ന ജിയോവിന്നി വീട്ടുകാരുടെ ഉപദ്രവം പാവപ്പെട്ട അസൂന്തയേയും, മക്കളേയും, അവരുടെ പ്രാത്ഥനാരംഗങ്ങളിൽക്കൂടി സീമാതീതം വേദനിപ്പിച്ചിട്ടുണ്ടു്. ലൂയിയും, ജിയോവിന്നിയുംചേന്നു ചില പങ്കുകൃഷികൾ നടത്തിവന്നിരുന്നതിനാൽ ആസൂന്തക്കു ലൂയിയുടെ അന്ത്യവാക്കുകളെ അതേപടി അത്തരുണത്തിൽ പ്രായോഗികമാക്കുവാൻ സാധിച്ചില്ല.

ആസൂന്താ രാപകലില്ലാതെ പണിയെടുത്തു ആക്രം അടിമപ്പെടാതെ തൻെറ അഞ്ചു കുഞ്ഞുങ്ങളെ പോററി, അഭിമാനത്തോടുകൂടി ജീവിച്ചുവന്നു. 1902 ജൂലയ് 5-ാം തീയതി ആസൂന്തയും അലക്സാണ്ടരും അവരുടെ പങ്കുകൃഷി ചെയ്യുന്ന ജോലിയിൽ പ്രവേശിച്ചു. കുടുംബജോലികഠം ചെയ്തും, സഹോദരീസഹോദരന്മാരെ കാത്തും മേരി വീട്ടിൽ ഇരിക്കുകയായിരുന്നു. കററക്കളത്തിലേക്കു നാലു കുഞ്ഞുങ്ങളും മേരിയുടെ അനുമതി വാങ്ങിപ്പോയി. ക്ഷണേന അലക്സാണ്ടർ, കളത്തിൽനിന്നും ആരും അറിയാതെ മേരി ഇരുന്നിരുന്ന മുറിയിൽചെന്നു അവൻെറ ഹൃദയത്തിൽ പണ്ടേ വേരൂന്നിയിരുന്ന ഏതോ കാമവികാരങ്ങഠം അവളുടെ ദൃഷ്ടിയിൽ പെടുത്തി.

"പാപം" എന്നതു എന്തെന്നറിയാത്ത ആ ബാലികയെ അലക്സാണ്ടർ അശുദ്ധപാപത്തിനു പ്രേരിപ്പിക്കുകയും, പല പരിശ്രമങ്ങഠം നടത്തുകയും ചെയ്തു. മേരി അവൻെറ ഓരോ പൈശാചികചാപല്യങ്ങഠംക്കും വേണ്ടത്ര സമാധാനം കൊടുത്തു. പരിശ്രമങ്ങഠം പരാജയമടഞ്ഞതായി കണ്ടമാത്രയിൽ ആ കാമാന്ധൻ, ആ വിധവയുടെ ആലംബമായിരുന്ന പുത്രിയെ അതേ, മരിയഗൊരേററിയെ, കഠാരികൊണ്ടു് പതിനാലു് ആവർത്തി അതിദാരുണമായി കുത്തി അപകടനിലയിൽ ആക്കുകയും ചെയ്തു. ബാലികയുടെ ദീനരോദനശ്രവണമാത്രയിൽ നാട്ടുകാർ ഓടിയെത്തുകയും, അടുത്തുള്ള ആശുപത്രിയിൽ ചികത്സിക്കുകയും ചെയ്തു. ആസൂന്ത വിവരമറിഞ്ഞു സംഭവസ്ഥലത്തെത്തി ഈ രംഗംകണ്ടു് ബോധരഹിതയായി. ഒരു മനുഷ്യമഹാസമുദ്രത്തിൻെറ മദ്ധ്യേ, അമ്മയുടെ കരങ്ങളിൽ ആശ്വസിച്ചു

ഘാതകനോടു ഞാൻ ക്ഷമിച്ചിരിക്കുന്നു എന്ന വാക്കുകൾ ഉച്ചരിച്ചും മേരി വീരമരണം വരിക്കുകയുണ്ടായി.

പശ്ചാത്താപത്തിലും, ശിക്ഷാനന്തരം സന്യാസജീവിതത്തിലും, ഇന്നും ജീവിച്ചിരിക്കുന്ന അലക്സാണ്ടരുടെയും ആസൂന്തയുടേയും, മേരിയുടെ സഹോദരീസഹോദരന്മാരുടെയും, ലക്ഷോപലക്ഷം ജനങ്ങളുടേയും സാന്നിദ്ധ്യത്തിൽ മരിയഗൊരേററിയുടെ ജനനശേഷം അറുപതു വർഷം തികയുന്ന, 1950, ഒക്ടോബർ 16–ാം തിയതി പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാതിരുമനസ്സുകൊണ്ടു മരിയഗൊരേററിയെ "വിശുദ്ധ"യെന്നു പേരു വിളിക്കുകയും ചെയ്തു.

# മരിയ ഗൊരേററി

അഥവാ

# ചാരിത്രദീപം.

Part I ജനനം.

1. പ്രത്യൂഷതാരക,പൂവെള്ളിപ്പൊട്ടുപോൽ
പ്രത്യക്ഷമായ് നാളിൻ ഫാലംതന്നിൽ.
2. സർപ്പസംഹാരത്താൽ പാപങ്ങൾപോക്കിയ—
മുപ്പാരിൻ റാണിയാം മേരിയെപ്പോൽ,
ശാന്തമാംശീതളരശ്മികൊണ്ടന്ധകാ-
രാന്തരംഗത്തെപ്പിളർന്നു മെല്ലെ,
ആയിരത്തെണ്ണൂററിത്തൊണ്ണൂറാംകാലത്തിൽ
തീയതി പത്തുമാറൊക്ടോബറിൽ,
ഏകയായ് ചാരിത്രചാരുകളേബര
യാകുമാ,താരക പൂർണ്ണവായ്പിൽ,
ഇററലിനാട്ടിൽ "കൊറിനാൾഡോ" ഗ്രാമത്തെ
യുററുനോക്കിക്കൊണ്ടുയർന്നുവന്നു.

1. പ്രത്യൂഷതാരക— പ്രഭാതനക്ഷത്രം. നാളിൻഫാലം— ദിവസത്തിന്റെ നെററിത്തടം.

2. മുപ്പാരിൻ റാണി— ത്രിലോകരാജ്ഞി— വിശുദ്ധ കന്യകാമറിയം. കൊറിനാൾഡോ— ഇററലിയിൽ, കഥാനായികയുടെ ജനനസ്ഥലമായ, ഒരു ചെറിയ ഗ്രാമം. കഥാനായികയുടെ ജനനം 1890 ഒക്ടോബർ പതിനാറാം തീയതിയായിരുന്നു.

3. ലോകശാസ്ത്രത്തെ വ്യതിചലിപ്പിക്കാതൊ-
രേകസുകൃതിനി താരകമെ,
ഏകയായ് തീർന്നതിലേകദൈവത്തിനു-
മേകാന്തതക്കെന്തോ കോട്ടമായി.

4. പാരിലുദിക്കുന്നൊരുന്നമ്രതാരമീ-
ന്നാരുംകൊതിക്കേണ്ടകൂട്ടുകാരി,
നിഷ്കളങ്കത്തിനുപമയായെന്നെന്നും
പുഷ്കലരൂപിണി പോരുമല്ലോ.

5. സ്വർഗ്ഗത്തിൽമാതാവും, വിണ്ഡലേതാരവും,
നിർഗ്ഗളിപ്പിക്കുന്നതേജസ്സെങ്കിൽ,
മേരിഗോരേറ്റിൽജ്ജാതയാമിന്നുമേൽ
പാരിനും കോട്ടമില്ലൊന്നുകൊണ്ടും.

6. ആസ്തിക്യദീപമാം താരമുദിച്ചപ്പോ-
ളാസ്തിക്യവൈരികളെന്തുചെയ്യും.

4. ഉന്നമ്രം — ഉയർന്നതു. 5. നിർഗ്ഗളിപ്പിക്കുക — ഒഴുക്കുക. 6. ആസ്തിക്യവൈരികൾ — ദൈവമുണ്ടെന്നുള്ളതിനെ എതിർക്കുന്നവർ (നിരീശ്വരന്മാർ) കൈവന്നു — ലഭിച്ചു. കൈവല്യം — മോക്ഷം. 3. ലോക..........സുകൃതിനി — ഉഷഃകാലനക്ഷത്രം എന്നും കൃത്യസമയത്തു ഉദിക്കുന്നു എന്ന് അർത്ഥം.

കൈവന്നകൈവല്യം നവ്യലോകത്തിനും
ദൈവത്തിൻ പ്രത്യക്ഷവേലയെല്ലാം.

7. ചാരിത്രരൂപിണി-“ആസൂന്തകർലീനി”-
മേരിതൻ മാതാവായ് ഭാഗ്യയായി,
ന്യായാധിപനെപ്പോലുത്തമനാന്നതൻ-
“ലൂയി”-യോ, പൈതലിൻ പൂജ്യതാതൻ;
കണ്ഡത്തിൽവാഴുമീ ദമ്പതിമാരെന്നും
തണ്ടപ്പേരേന്തുന്ന വിണ്ഡലത്തിൽ.

8. അഭ്യാഗാരികളാം മാതാപിതാക്കൾത
ന്നുൾഭാസ്സിൻ ബാഹ്യപ്രതീതിയായി,
ആമുഷ്മികാരാമയാരാവത്തയ്യായി,
യാമുഗ്ദ്ധയാരോമൽ മേരിമേവി,
മെത്തുന്നമാതൃമഞ്ചത്തിൽസ്വമംഗല-
മുത്തത്തിൽ മഞ്ജരി മുത്തുചാർത്തി

9. കോഴികൾകൂവുന്ന നേരംവെളുക്കുന്ന
കേഴുന്നതാഴുന്നിതന്ധകാരം,

7. “ആസൂന്ത”- മറിയയുടെ ജനനി. കർലീനി- ആസൂന്തയുടെ സ്ഥാനപ്പേര്. “ലൂയി”- അവളുടെ പിതാവ്. കണ്ഡം- ലോകം. തണ്ടപ്പേർ- നാമാവഴിക്കണക്ക. 8. അഭ്യാഗാരികൾ- കുടുംബത്തെ രക്ഷിക്കുന്നവർ. ഉൾഭാസ്സ്- ഹൃദയശോഭ, ബാഹ്യം- പുറമേയുള്ളവ. 8. പ്രതീതി- കീർത്തി, ആമുഷ്മികാരാമം- പരലോകത്തിലെ പൂന്തോട്ടം. ആരാവം- ശബ്ദം. ആമുഗ്ദ്ധ- സുന്ദരി മാതൃമഞ്ചം- അമ്മയുടെ കട്ടിൽ. മുത്തം- ചുംബനം. മുത്ത്- സന്തോഷം.

കോകിലഗാനങ്ങൾ കേട്ടുണർന്നക്ഷണം
പൈങ്കിളിപ്പൈതലും പാടീടുന്നു,
ശുഭ്രപ്രഭാതത്തിൻ രശ്മികൾ തൂകിക്കൊ-
ണ്ടഭ്രത്തിൽ വെള്ള വിരിച്ചുകാണായ്,
വാസന്തീസന്താന സൗരഭ്യശർമ്മത്തെ-
യാസ്വാദിപ്പിക്കുന്നനിലനെങ്ങും,
നെല്ലുവിളഞ്ഞു കിടക്കുന്ന പാടംപോ-
ലുല്ലസിച്ചംബരഭാഗമെല്ലാം.

10. ഇററലിതന്നിലെ പൊൻഗ്രാമത്തട്ടിലെ
വററിനശിക്കാത്തുറവകാണ്മാൻ,
കാലത്തെപ്പൂർവ്വദിക്കെത്തുന്ന കോമളൻ,
ബാലാർക്കൻ, പൂർണ്ണനായ് പൊൻപരപ്പിൽ.

11. വാസന്തീകാന്തിയിൽ പ്രാകാശ്യപ്രസാദ-
വാസരമയൂഖ മഞ്ജിമയിൽ,
ജീവിതാദർശസമത്വം പരത്തുമാ-
ദേവാലയമണിനാദമപ്പോൾ,
മാടിവിളിക്കുന്നു മാനവവൃന്ദത്തെ
യാട്ടുകൾമേയ്ക്കുന്നൊരുവനെപ്പോൽ.

9. കോകിലം– കുയിൽ, അഭ്രത്തിൽ– ആകാശത്തിൽ. ശർമ്മം– സുഖം. അനിലൻ– ഇളംകാററ്. അംബരം– ആകാശം. 10. ബാലാർക്കൻ– കുട്ടിസ്സൂര്യൻ. 11. പ്രാകാശ്യം– അഷ്ടൈശ്വര്യം. പ്രസാദം– സന്തോഷം. വാസരം– ദിവസം. മയൂഖം– രശ്മി. നാദം– ശബ്ദം.

12. ആഴിയുമാകാശപ്പട്ടമടവിയു
മാഴമേറുന്നൊരു മോദമേന്തി,
ഉല്ലാസവീചികളാർപ്പടിച്ചെമ്പാടും
നില്ലാതെയാദിനമാദിയന്തി.

13. ഭാസ്വൽകരങ്ങളിലാമോദമർപ്പിച്ചു
ഭാസുരമാക്കുന്ന പുഷ്പംപോലെ,
മാതാപിതാമനോവാടികതന്നിലെ
മാതൃകാമല്ലികയായിമേരി.

14. സത്രത്തിൽ പാന്ഥരും പൂവിൽ ശലഭവും
വർത്തിച്ചുതൃപ്തരായ് മേവുംപോലെ,
ഗോരേററിഗേഹത്തിൽ ഗ്രാമീണയമ്മമാ-
രോരോരുത്തർവന്നു പോയിരുന്നു.

15. നെഞ്ചകം മിഞ്ചിയൊരാശിസ്സാപൈതലിൻ
പിഞ്ചുപുഞ്ചിരിയായ് പാക്കുഴപോൽ,
സഞ്ചരിച്ചാഥിതേയർ മനമോരോന്നിൽ
സഞ്ചേകാമോദം പകർന്നയച്ചു.

16. മാലഖയെപ്പോൽ മനോഹരി, നിർമ്മല
ബാലികയെന്നവരുന്നോരെല്ലാം.

12. ആഴി– സമുദ്രം. അടവി– കാട്. ഉല്ലാസം– സന്തോഷം. വീചികൾ– ചെറിയ തിരമാലകൾ. നില്ലാതെ– നിരന്തരം. 13. ഭാസ്വൽകരം– സൂര്യകിരണം. 14. സത്രം– വഴിയമ്പലം. പാന്ഥർ– വഴിപോക്കർ. മിഞ്ചുക– നിറയുക ആശിസ്സ്– അനുഗ്രഹം. പാക്കുഴ– പാൽപാത്രം. ആഥിതേയർ– വിരുന്നുകാർ. സഞ്ചേകാമോദം– സന്തോഷങ്ങളുടെ കൂട്ടം (വിവിധസന്തോഷം)

ഏകാഭിപ്രായംപറഞ്ഞു സംതൃപ്തരായ്
പൂകിനാർതാവകഗേഹങ്ങളിൽ.

17 മാതൃകായോഗ്യനാം ബെദ്‌ലേംഗ്രാമത്തിലെ
മാതൃകരത്തിലെ പൊൻസുതൻ പോൽ,
കന്മഷക്കാർ കൊണ്ടൽനീക്കി നിരന്തര
നന്മയാന്വേഷമേന്തിപൈതൽ.

18. വെണ്മാടവെണ്മയും ശിൽപവിധാനവും
കന്മഷം പെററാരോമക്കളെന്നായ്,
അൻകൊനാപ്പട്ടണവിസ്മയപ്രാഭവ
മുംക്കൊണ്ടോരാനമ്രഭാവമോതി,
ജീവിക്കുന്നില്ലവരാരും ചരിത്രത്തിൽ
ജീവിതചാരിത്രമേന്തിടായ്കിൽ.

17. മാതൃകാ....... പൊൻസുതൻ– ബെദ്‌ലേം ഗ്രാമത്തിൽ വസിച്ചിരുന്ന കന്യകാമറിയത്തിന്റെ ആ മാതൃകാപുത്രൻ– ഏശുക്രിസ്തു. കന്മഷകാർകൊണ്ടൽ– പാപമാകുന്ന മേഘങ്ങൾ. 18. അൻകൊനാപ്പട്ടണം– കൊററിനാൽദോ ഗ്രാമത്തിൽനിന്നു ഉദ്ദേശം മുപ്പതുമയിൽ അകലെയുള്ള ഒരു പട്ടണം. വെണ്മാട....... നമ്രഭാവമോതി– മരിയഗൊരെററിയുടെ ജനനവാർത്ത കേട്ടമാത്രയിൽ അൻകൊനാപ്പട്ടണത്തിലെ സകല പ്രതാപങ്ങളും മ്ലാനതപൂണ്ടു അതിൽനിന്നും മനസ്സിലാക്കേണ്ടതു് അവയെല്ലാം പാപംചെയ്തു് സമ്പാദിച്ച പണത്തിന്റെ പരിണിതഫലമായി നിർമ്മിക്കപ്പെട്ടവയാണെന്നാണു്. (ഇതു് കവിസങ്കല്പം.)

19. വിത്തവാരാശിയിൽ മർത്ത്യമീനങ്ങളാ
മെത്രപേർ മൃത്യുവാം ജാലകത്തിൽ
ചിന്തക്കതീതരായ് ചെന്നുനിപതിച്ചോ
രന്ത്യം ഹീനങ്ങളായ് ദീനങ്ങളായ്.

20. നിത്യശില്പിതീർത്ത സ്ഫീതാധരങ്ങളിൽ
തത്തിക്കളിച്ചതാം പുഞ്ചിരിയിൽ,
ആലംബമില്ലാതെ ക്രൂരതപായുന്ന
കാലം പുലരുന്ന കല്യതയിൽ.

---

19. വിത്തവാരാശി- സമ്പൽസമുദ്രം. മർത്ത്യമീനങ്ങൾ- മനുഷ്യമത്സ്യങ്ങൾ. മൃത്യുവാംജാലകം- മരണമാകുന്ന വല. നിപതിക്കുക- വീഴുക. 20. നിത്യശില്പി ദൈവം. സ്ഫീതാധരം- ശുഭമായ ചുണ്ട്. കല്യത- ശ്രേഷ്ഠത. ആലംബം- സഹായം.

Part II

## ശൈശവം.

21. നീതിമാനീശന്റെനിത്യവാടികയിൽ
നീതകമല്ലാത്ത വേലചെയ്വാൻ,
ഭൂലോകജീവിതപുണ്യസുമങ്ങളാൽ
മൂലോകയമ്മക്കു മാലചാർത്താൻ,
ഗാലാഖതൻമദ്രമാനസതുല്യമാം;
ആലോകശക്തിപരത്തീടുവാൻ,
പാരിൽജനിച്ച ദിനംതന്നെ ഭാഗ്യത്താ-
ധാരമ്യപൈതൽ വിളങ്ങീടുവാൻ.
ജന്മത്തിൽകന്മഷം നീക്കുവാൻ നിർമ്മല
ജന്മത്തിൽ കാലം കഴിച്ചീടുവാൻ,
നാമത്തിൽ "മരിയതരേസി"യെന്നവൾ
മാമോദീസായിൽ പുനർജ്ജനിച്ചു.

22. ജ്ഞാനിയാമീശനായ് സമ്പക്കം ചാർത്തുന്നു.
ജ്ഞാനാംബുമഗ്നമാം മാമഹസ്സാൽ.

23. പിള്ളപ്പര്യങ്കത്തിൽ താളമടിച്ചവൾ-
തള്ളയെനോക്കിയുപധാനത്തിൽ,
നിഷ്കളങ്കാഭോഗപുഞ്ചിരിതൂകുന്നു.
ശുഷ്കിച്ചുഗേഹത്തിൽ ദാന്തയായി.

21. നീതകമല്ലാത്തതു് - മായപ്പെടാത്തതു്. മദ്രമാനസം - സന്തോഷമുള്ള ഹൃദയം. ആലോകശക്തി - പ്രകാശത്തിന്റെ ശക്തി ജന്മത്തിൻകന്മഷം - ജന്മപാപം. 22. ജ്ഞാനാംബുമഗ്നമാം മാമഹസ്സു് - ജ്ഞാനസ്നാനമാകുന്ന വലിയ യാഗം. മഹസ്സു് - യാഗം. പിള്ളപ്പര്യങ്കം - പിള്ളക്കട്ടിൽ. ഉപധാനം - തലയിണ. 23. ആഭോഗം - പൂർണ്ണമായ. ദാന്ത - ശീതോഷ്ണാദികൾ സഹിച്ചുകൊണ്ടു് തപസ്സു ചെയ്യുന്നവൾ.

24. ആപ്ളുതപ്പിഞ്ചുവർ മാതാപിതാമനോ-
നാളീകരമ്യത കാട്ടിടുന്നു.

25 അൻകൊനാപ്പട്ടണ,പ്രാകൃതയാഗണ
യുൾക്കാമ്പുഞെട്ടിയ ഭദ്രാസനം,
അല്ലാതെയന്തി“ക്കൊറിനാൾഡോ”ഗ്രാമത്തി
ലുല്ലാസമാർന്നതാം കൊച്ചുഗേഹം.

26. വഝിച്ചീടും പാപക്കർദ്ദനജീവിത
മർദ്ദനമൊന്നും ഗണിച്ചിടാതെ,
നിസ്ത്രപമാത്മാവിൽനിന്നുംമറയ്ക്കുന്ന
നിസ്തുല്യവസ്ത്രമാം ഭക്തിയാർന്നു,
വിണ്ണിലെവിത്തമാം പുണ്യത്താൽമാളിക-
മണ്ണിലും തീർത്തവർ മോഹനമായ്.

27. ജീവിതജാലകക്കണ്ണിയാം വാസരം
പാവനകൃത്യമാം സൂത്രമൊന്നിൽ,
കെട്ടിപ്പടുത്താത്മശക്തരായ്മേവുകിൽ
പൊട്ടില്ലതന്ത്യനിമിഷത്തിലും.

28. ഗോരേറെറിഗേഹസ്ഥിതിയോനിരന്തര-
ദാരിദ്ര്യപ്പോർക്കളമായിരുന്നു.

24. ആപ്ളുത- വേദാഭ്യാസത്തിനു വ്രതമനുഷ്ഠിക്കുന്നവൾ. 25. പ്രാകൃതയാഗണം- വ്യവിധവർഗ്ഗക്കാരായ ജനസമൂഹം. ഉൾക്കാമ്പു്- ഹൃദയം. 26. പാപകർദ്ദനജീവിതം- പാപത്തെ കണ്ണുപൊത്തിക്കളിയാക്കി ഗണിച്ചുകൊണ്ടുള്ള ജീവിതം. നിസ്ത്രപം- നാണം. വെടിഞ്ഞു് 27. ജീവിതജാലകം- ജീവിതമാകുന്ന വല. കണ്ണിയാംവാസരം- കണ്ണിയാകുന്ന ദിവസം. സൂത്രം- ചരടു്.

29. പട്ടിണിപ്പാവങ്ങൾ ദമ്പതിമാരെന്നും
നെട്ടെല്ലൊടിയെപ്പണിയെടുത്തു,
വീരപരാക്രമാൽ ദാരിദ്ര്യസംഗ്രാമ
മോരോവിധത്തിൽ വിജയമേന്തി.

30. പാവപ്പെട്ടവർതൻ ഘർമ്മകണമുത്തു-
മാവോളം വഞ്ചനാവസ്ത്രമൊന്നിൽ,
ഒപ്പിയൊപ്പിപ്പിഴിഞ്ഞെങ്ങുമൊതുങ്ങാതെ
കപ്പലായ്, മോട്ടോറായ്, മാളികയായ്,
രൂപമെടുക്കുന്നു നാട്ടിലെല്ലാടവും
രാപകലില്ലാതെ നാളുതോറും.

31. സാദ്ധ്യമല്ലാർക്കും മറയ്ക്കുവാൻ ദീനജ
സ്വേദജസാരമാം സ്ഫീതസ്വനം.

32 പത്രോസാംപാറമേൽ പൊക്കിയപള്ളിയിൽ
പുത്രിയും പുത്രനുമായ് പുലർന്നാൽ,
ഏററവും പൂർണ്ണയിടയനപ്പാവനൻ
പോററീടും മേന്മയിലമ്മയെക്കാൾ.

33. ആകാശേപക്ഷികൾ ആഴിയിൽമീനുക-
ളാകുലമില്ലാതെ വാണീടുമ്പോൾ,

29. ദാരിദ്ര്യസംഗ്രാമം- ദാരിദ്ര്യമാകുന്ന യുദ്ധം. 30. ഘർമ്മകണമുത്തു- വിയർപ്പുതുള്ളികളാകുന്ന മുത്തു. 31. ദീനജ ........സഫീതസ്വനം- ദരിദ്രന്റെ വിയർപ്പുതുള്ളികളുടെ സാരമായി ദീനതയോടുകൂടി ജനിക്കുന്ന ശുഭമായ ശബ്ദം. 32. പത്രോസാംപാറമേൽ പൊക്കിയപള്ളി- കത്തോലിക്കാ തിരുസഭ. (തിരുസഭയുടെ പ്രഥമ ഭരണാധികാരി പത്രോസായിരുന്നു.) 33. മീനുകൾ- മത്സ്യങ്ങൾ. ആകുലം- ദുഃഖം.

നാളത്തേക്കെന്തിനു വിത്തമാൎജ്ജിക്കുവാൻ
പാളിനാംപായുന്നു നാല്യപാടും.

34. നിദ്രയിലാരെന്തു സൂക്ഷിച്ചു വയ്ക്കുന്നു!
ഭദ്രമല്ലീജഡംപോലുമപ്പോൾ.

35. പ്രാണാനപൂൎണ്ണതക്കുള്ള സോപാനമായ്
കാണുകവേണ്ടനാം വിത്തമെന്നായ്
ആദവും, ഹവ്വായും, മാത്രംമഹീതലെ
ഖേദവിഹീനരായ് വാണകാലം,
ദാരിദ്ര്യമെന്തന്നറിഞ്ഞിട്ടോ പാപത്തിൽ
വേരുന്നിയാദ്ധ്യാത്മശിക്ഷിതരായ്.

36. ദാരിദ്ര്യസാമ്രാജ്യസമ്രാട്ടായക്കാലം
പാരിൽ പ്രകീർത്തിതൻ ലൂയിയെന്നും,
വാൎത്തകവഞ്ചകമാൎഗ്ഗത്തിൽ മേവാതെ
വൎത്തിച്ചു കർഷകവൃത്തിയൊന്നിൽ,
ജീവിച്ചു ഹ്രസ്വവയലാർന്നോരാദായ
യാവശ്യയൽപരായ് തൃപ്തരായി.

37. ഗോരേററിവീട്ടിന്നയൽക്കാരരുൽക്കാരാ-
ലോരോമനോഗതതർപ്പണത്തിൽ,

34. ജഡം_ ശരീരം. 35. സോപാനം- ചവിട്ടുപടി. വൎത്തകൻ- കച്ചവടക്കാരൻ. വൎത്തിച്ചു- ജീവിച്ചു. ആദായയാവശ്യയൽപർ_ കിട്ടിയ ആദായംകൊണ്ട് ചെറിയതോതിലുള്ള ആവശ്യങ്ങൾ നിറവേററി തൃപ്തരായവർ. 37. ഉൽക്കാരം_ നെല്ല് കാററത്തിടൽ. ഗോരേററി......... കൊന്തതന്നിൽ- ഗോരേററി വീട്ടുകാരുടെ അയൽവാസികൾ അവൎക്കുള്ള ധാന്യങ്ങൾ കാററത്തിട്ട് ഉണക്കിവിററ് ഓരോ വൻകാൎയ്യങ്ങൾ നടത്താമെന്നു ചിന്തിക്കുമ്പോൾ, ഗോരേററി വീട്ടുകാരുടെ കാൎയ്യങ്ങൾ നിൎവ്വഹിക്കാനുള്ള നെന്മണികൾ നിരന്തര പ്രാൎത്ഥനയുടെ അനന്തരഫലമായി കൊന്തയിൽ കിടന്നു ചുടപിടിക്കുന്ന മണികളാകുന്നു.

ല്ലയിഗേഹത്തിൻറം ക്കാമ്പോന്നനെന്മണി
കായുന്ന കയ്യുണി "ക്കൊന്ത" തന്നിൽ.

38. ചേടകവ്യാപ്തിയോ ചാതുര്യശക്തിയോ—
കൂടാതശിച്ചവർ ജീവിതത്തെ,
അന്തഃപ്പുരത്തിലേക്കെത്തേണ്ടമാർഗ്ഗത്തെ
ചിന്തിക്കാനമവർ ശക്തരെന്നും.
ഈശനെ വീക്ഷിക്കാനാശിക്കും കണ്ണുകൾ
ക്ലേശങ്ങൾ ജീവിതെയെന്തുകാണാൻ.

39. കന്ദപ്രസൂനക്കമാരിയെപ്പോലവ—
ളുന്നതയായ് വന്ന ജീവിതത്തിൽ

40. മററത്തെയിലഞ്ഞിച്ചോട്ടിലൊന്നെത്തുവാൻ
പെററവർനോക്കിയിരുന്നിടുമ്പോൾ,
ഒററടി വച്ചുകൊണ്ടോരോരോപിഞ്ചടി
തെററിയും തെററാതെവച്ചുചെമ്മെ,
സൗരഭ്യംതൂകുന്ന കൊച്ചുസുമങ്ങളെ—
യോരോന്നെടുത്തു നിറച്ചു കയ്യിൽ,
വർഷിച്ചുതായതൻ ചുററിലും ചാഞ്ചാടി
കർഷകപ്പെതൽകരാർഷവമായ്.

38. ചേടകർ— വേലക്കാർ. ചാതുര്യം— വാചാലത. അന്തഃപുര.........ശക്തരെന്നും— അന്തഃപുരത്തിലേക്ക വഴി കാണിക്കുന്ന ഒരു പതിവു ഇന്നും ചില സ്ഥലങ്ങളിലുണ്ട്. ബുദ്ധിയില്ലാത്തവർക്ക അനുദിനം വഴികാണിച്ചിട്ടും ഒരു ഫലവുമില്ല:— അന്തഃപുരമാകുന്ന സ്വർഗ്ഗത്തിലേക്കുള്ള വഴി ഏതെന്നു ചിന്തിക്കാനുള്ള കഴിവ് ഗോരേററി. വീട്ടുകാർക്കുണ്ട്. 39. കന്ദപ്രസൂനക്കമാരി— മുല്ലപ്പൂമൊട്ട്

41. പൂതതൻ പ്രീതമാം പുഞ്ചിരി കാണുമ്പോൾ
പൂത്തയിലഞ്ഞിതെത്തെന്നു തോന്നും;
കാലത്തിൻമുററത്തു പുണ്യപ്പൂവർഷിച്ചു
മാലാകെമാറവുന്ന മാലാഖനീ.

## Part III ജീവിതവളർച്ച.

42. ഭക്തിയിൽ നിസ്തുല്യപാപത്തിൽ വൈമുഖ്യ
നിത്യമാതാവിൻമുരളിയായി,
താലത്തെപ്പോലവൾ പുണ്യപ്പൊൻകുന്നുകൾ
നാലുഭാഗത്തും ചിതറുകയായ്.

43 കാലചക്രത്തിൻ കരാളപോതങ്ങളാ
ലാലസ്യമേശാത്ത ക്രമുകളാൽ,
കാട്ടുന്നപെട്ടന്നു വിണ്ണിൽ കയറുവാൻ
കോട്ടമിയലാത്ത പാതയാർക്കും. (200)

44. കല്യാകുലംചേരും ഭാഗം പോലീകത്തിൻ
കല്യത നിത്യവും വാനിലെത്തി
നശ്വരനേത്രങ്ങൾക്കൽപിഷ്ടയഗണ്യ
വിശ്വാസക്കണ്ണിലുൽകൃഷ്ടഗണ്യ

41. പൂതതൽ....... പുഞ്ചിരി– ശുദ്ധതയുള്ളവളുടെ സന്തോഷത്തോടുകൂടിയ പുഞ്ചിരി. മാലാകെ– എല്ലാദുഃഖങ്ങളും. 42. താലത്തെ– പനയുടെ തൈ. കരാളപോതം– കൊടുംകാററ്. 44. കല്യാകുലം– ചെറിയ നദികൾ. കല്യത– ശ്രേഷ്ഠത. അഗണ്യ– ഗണിക്കപ്പെടാത്തവൾ.

ഗ്രാമാന്തരാളത്തിലാത്മീയസൗന്ദര്യ
ധാമമായ് മെല്ലെ വളർന്നുവന്നു,

45. ശാശ്വതവിശ്വാസപ്പൂന്തോപ്പിൽ മക്കളെ
യാശ്വസിപ്പിച്ചുയർത്തീടുവാനായ്,
പാത്തലെദേവപ്രതിരൂപപൂർണ്ണരായ്
മാതാപിതാക്കളെ വാഴ്ത്തുമീശൻ.

46. താതനമുത്തരവാദിത്വമില്ലാതെ
മാതാവും, മക്കളാം വീണമീട്ടി,
പാപപരിവേഷ്ടപൂരിതപന്ഥാവിൽ
വ്യാപരിച്ചീമഹാജീവിതത്തിൽ,
പാഴ്ക്കണ്ടിൽ വീണെത്രബാലികാബാലന്മാർ
മാഴ്കുന്നു നാൾക്കുനാൾ സുന്ദരന്മാർ.

47. പാപപ്രതാപത്താലാനന്ദമാർജ്ജിച്ചു
ചാപല്യമത്രയും കൈവരുത്താം,
മന്നിലസത്യംകൊണ്ടധികശ്രീതനും
മന്നവേന്ദ്രനുമായ്മാറിയേക്കാം;
ലോകവാരിധിയിൽ വെള്ളക്കുമിളക-
ളുൾക്കൊള്ളുമുൾക്കാമ്പു തന്നെയെല്ലാം.

---

45. ദേവപ്രതിരൂപപൂർണ്ണർ- ദൈവത്തിന്റെ പൂർണ്ണപ്രതിരൂപമുള്ളവർ. 46. പാപപരിവേഷ്ടം- പാപത്താൽ ചുററപ്പെട്ടതു്. പൂരിതം - നിറയപ്പെട്ടതു്. 47. അധികശ്രീതൻ- ധനവാൻ. ഉൾക്കാമ്പ്- കാതൽ (ഹൃദയം.)

48. നാടകവേദിയിലെന്നപോൽ പട്ടണ
നാട്യനിർജ്ജീവപ്പരിഷ്കാരങ്ങൾ,
ഒട്ടുമെ തീണ്ടാതെയോമൽ വളർന്നു
തിട്ടമായ്നാട്ടിലെ കൊച്ചുവീട്ടിൽ.

49. മേലെഴും പാർവ്വണചന്ദ്രികതൂകിടും
പാലൊളിപൂർണ്ണമാം ശാന്തതപോൽ
മാനിനിയാമിവളാർന്നോരോ കൃത്യങ്ങൾ
ജ്ഞാനംപകർന്നുടൻ നാട്ടിലെല്ലാം.

50. കന്മഷമെന്തെന്നറിയാതെജീവിക്കും
പെൺമണിക്കീജന്മം പൂർണ്ണമാണോ,
താവഴിക്കാരിയാമവ്വയായ് നിന്നെയീ
ഭൂവിതിലെണ്ണുവാനെന്തുബന്ധം.

51. പേച്ചിയെന്നുച്ചത്തിൽ നാട്ടിലെ സമ്പന്ന
ചേച്ചിമാർചെത്തം ചിതറിടുമ്പോഴും,
ബദ്ധയായീടുമോ, വിഡ്ഢിയായ് തീരുമോ
ബുദ്ധബന്ധുരം നിൻ ചിത്തുചാർത്തിൽ.

52. കൊന്തയും സ്വർലോകചിന്തയുമായെന്നു-
മന്തിതൊട്ടദ്ധ്യിരവുവരെ,

48. പട്ടണനാട്യനിർജ്ജീവപ്പരിഷ്കാരങ്ങൾ— പട്ടണത്തിലെ നാട്യപ്രധാനങ്ങളായ നിർജ്ജീവപരിഷ്കാരങ്ങൾ.
50. കന്മഷം— പാപം. താവഴി... ....ബന്ധം— പാപം ചെയ്യാതെ ജീവിച്ചാൽ ആദിയിൽ പാപംചെയ്ത ആദിമാതാവായ ഹവ്വയുടെ താവഴിക്കാരിയാണ് നീയെന്നു ആരു പറയും.
51. പേച്ചി— ബുദ്ധിയില്ലാത്തവൾ. ചെത്തം— ശബ്ദം. ബദ്ധ— അമർത്തപ്പെട്ടവൾ. ബുദ്ധബന്ധുരം— അറിയപ്പെട്ട കിരീടം.

ശാന്തമനോഹര സൗരഭ്യംതാവുന്ന
സാന്ത്വനകാന്തനാമേശുവായി,
ബന്ധംപുലർത്തിവസിച്ചുവളർന്നവൾ
കൈന്തിനിനശ്വരനാഗരീകം

53. ദാരിദ്ര്യമുണ്ടും കുടിച്ചും കഴിയുന്ന
ഗോരേററിഗേഹത്തിൽ മെല്ലെമെല്ലെ,
പൂതരാംദാമ്പത്യസൂനങ്ങൾ മൂന്നുപേർ
ജാതരായ് പ്രത്യഹം പട്ടിണിയായ്.

54. ഭാവുകദാമ്പത്യ നിർമ്മലസുന്ദര
ജീവിതസമ്പത്താം സന്താനത്താൽ,
ആനന്ദിച്ചീടുന്ന മാതാപിതാക്കന്മാർ
ജ്ഞാനപ്രസൂനങ്ങളർക്കചന്ദ്രർ.

55. അംഗങ്ങളാറായിയാദായമില്ലാതെ
മംഗളൻലൂയി കുഴങ്ങിയേററം,
പ്രാർത്ഥിച്ചുസത്യസ്വരൂപനോടർത്ഥിച്ചു
നീതിമാൻ ജീവിതഭാവികാലം.

56. തദ്ദേശം വിട്ടുടൻ പോകാനുടമ്പര
നിർദ്ദേശം നൽകിയപോലെതോന്നി,
ചെങ്ങാതിയാവാനൊരുത്തനുണ്ടായില്ല-
യങ്ങിങ്ങലഞ്ഞു തിരിഞ്ഞനാളിൽ.

52. സാന്ത്വനം- സമാധാനം. നശ്വരനാഗരീകം- നശിച്ചുപോകുന്ന പരിഷ്കാരം. 53. പ്രത്യഹം- അനുദിനം. 54. അർക്കൻ- സൂര്യൻ. 56. തദ്ദേശം- ആ ദിക്ക് (ആ നാട്) ഉടമ്പര- ഹൃദയം.

57. കണ്ടത്തികവുള്ള മറെറാരുഭൂഭാഗം
കണ്ടുപിടിക്കുന്നു "ലൂയി" വേഗം,
"കൊളെള്ള ജീയത്തുക്കോ" വാസമുറപ്പിക്കാൻ
കൊള്ളാമെന്നൂഹിച്ചു നാടിൻ നാമം·

58. അന്തമില്ലാതെ. കുഴങ്ങുന്നൊരുനരൻ
ചിന്തിക്കും മാർഗ്ഗങ്ങളാരറിവു·

59. ബാഹ്യാഘാതം നമുക്കേതൊരുനഷ്ടത്തെ
യാഹൂതമാക്കുവാൻ ജീവിതത്തിൽ.
ഈലോകസന്തോഷമെല്ലാംകൈവിട്ടുപോം
ബാലവാതംപോലെ ലോകവാസം

60. ദേഹവും ഗേഹവും ശാശ്വതമല്ലാർക്കും
ദേഹിയോ, കാമ്യമാകുന്നുയെന്നും.

61. ഫേനാഗ്രജീവിതംതാറുമാറാക്കുവാ-
നേനസ്സായ് ചാൺവയർ കാത്തുനില്ക്കേ,
ദാരിദ്ര്യമോരോകൂരാണിതറച്ചാലും
ചാരിത്രം- ഉൾക്കടം- പോറീടുമോ.

62. പൂർവ്വീകന്മാർ മുതലേറെത്തലമുറ
ജീവിച്ചിണങ്ങിയ ജന്മദേശം,

57. കണ്ടത്തികവ്- ഫലഭൂയിഷ്ടമായ ഭൂമി. "കൊളെള്ള ജീയത്തുക്കോ"- ലൂയി കുടുംബസമേതം മാറി താമസിച്ച സ്ഥലത്തിന്റെ പേർ. 59. ബാഹ്യാഘാതം ബാഹ്യമായ കുററവും, കുറവും ആഹൂതമാക്കുക- വരുത്തുക. ബാലവാതം- ഇളംകാററ്. 60. ദേഹി- ആത്മാവ്. 61. ഫേനാഗ്രജീവിതം- നീർകുമിളപോലെയുള്ള ജീവിതം. ഏനസ്സ്- പാപം. ഉൾക്കടം- ആത്മകടം.

കണ്ണുതുറന്നമേൽ ഭക്ത്യാഭജിച്ചോരു
പുണ്യപ്രശാന്തമാം ദേവാലയം,
പൈങ്കിളിപൈതലും പാതിരാക്കുയിലും
പങ്കിട്ടെടുത്തൊരു പൂർണ്ണഗേഹം
നിത്യസതീത്ഥ്യപ്രഭാവപ്രകീർത്തനം
നിത്യം മുഴങ്ങിയ പുഷ്പമാടം,
എല്ലാം വെടിഞ്ഞവർ നീങ്ങുന്നനുപദം
നില്ലാതെ കണ്ണീർക്കണങ്ങൾതൂകി.

63. നാഴീചിരട്ടപോൽ നാലുകുഞ്ഞുങ്ങളു-
മേഴയാംലൂയിയും പ്രേയസിയും,
ചട്ടികലങ്ങളും, ഭാണ്ഡവും പെട്ടിയും,
കൊട്ടയിൽ മററുപയോഗ്യങ്ങളായ്,
കില്ലിൽ കുഴങ്ങിയയാത്രതുടരുന്നു-
ഒയല്ലിൽ പൊതിഞ്ഞോരോമർത്ത്യരുപർ.

64. ഉട്ടിഷ്ടസ്ഥാനത്തു ചെന്നെത്തിസാധക്ക-
ളുപാദാനംചെയ്തുതുടങ്ങിവീണ്ടും,
ആറുവയസ്സായ്മേരിക്കതുകാല-
മാററിഞ്ഞായുസ്സുലബ്ധമെന്നായ്.

62. ഭജിക്കുക– ആരാധിക്കുക. നിത്യസതീത്ഥ്യൻ– ദൈവം. സതീത്ഥ്യൻ– ഗുരു. 63. കില്ലിൽ– ദുഃഖത്തിൽ. 64. ഉപാദാനം– വേല. അംശം– പകുതി.

65. ധ്യാനജപാദിയാം പുണ്യസുമങ്ങളാൽ
മാനിനി മാല്യം തൊടുത്തെടുത്തു.
കന്നിമരിയയെ, ഏശുമണാളനെ-
യെന്നുമണിയിക്കും തൃപ്തയാകും. (300)

66. പാടിക്കൊടുത്തവളീശ്വരഗീതങ്ങൾ
കൂടപ്പിറപ്പുകൾ മൂന്നുപേർക്കും,
പ്രാർത്ഥിക്കും താതനും മാതാവുംമക്കളെ
സ്വാർത്ഥപരിത്യാഗ മൂർത്തികളായ്.

67. തങ്കക്കത്താരിനിടും ഭാസ്സുകൊണ്ടെന്നാളും
തിങ്കളുമർക്കനും ക്ഷീണതരായ്,
മാരുതൻ സാദരം സൗരഭ്യവാഹിയായ്
മേരിയെ ചുംബിക്കും പൂർണ്ണമാകും,
കാണാമവളെയായമ്മതൻ ചാർത്തിൽ
രേണാക്ഷിമാരിയെപ്പോലെയെന്നും,
സാന്ത്വനമാനസികത്തിനൊന്നിച്ചോം
പൂന്തേൻ പൊഴിച്ചെന്നും പുഷ്പജാലം,
ശ്രീമഹാവെന്നിക്കൊടിനാളിൽജീവിത
യാമങ്ങളോരോന്നു നീക്കിമേരി.

67. ഭാസ്സ് - ശോഭ. ഏണാക്ഷിമാർ– മാൻകണ്ണികൾ. സാന്ത്വ
മാനസി– സമാധാനമുള്ള ഹൃദയത്തോടുകൂടിയവൾ. ശ്രീമ
ഹാവെന്നിക്കൊടി– ഐശ്വര്യത്തിന്റെ ജയക്കൊടി.

68. അൽപമോദത്തിനായ് പാപക്കിനാക്കളെ
കൽപദ്രുമംപോൽ വരിച്ചു ലോകം,
ഉൽപ്രഭാപൂരത്തെയെന്തിന്നണയ്ക്കുന്നു
കെൽപുള്ളതല്ലയോ ബുദ്ധിയെന്നും.

69. വീണ്ടുമാദമ്പതിമാർക്കൊരു സന്താന-
മാണ്ടവനേകിയനുഗ്രഹിച്ചു;
മാഴ്കുന്നയെത്രനാൾ വിത്തപ്രവീണന്മാ-
രേകസന്താനഭാഗ്യത്തിനായി.

70. ഏഴംഗഗേഹസാമ്രാജ്യസമ്രാട്ടായി
യേഴയാം ലൂയിമകുടമേന്തി,
അറ്റമില്ലാതെകുഴങ്ങിയ നാദരൻ
കറ്റുവിദ്യാഹീനൻ ക്ഷീണിതനായ്.

71. മണ്ടന്നാഭാഗംവെടിഞ്ഞു കുടുംബമായ്
കണ്ടക്കമണ്ടക്കനെന്നപോലെ,
"ഫേറിയറെഢികോൺ ക"യെന്ന ഗ്രാമത്തിൽ
മാറിയീഗൃഹസ്ഥൻ വാസമാർന്നു.

68. കൽപദ്രുമം— കല്പവൃക്ഷം. ഉൽപ്രഭാപൂരം— വർദ്ധിച്ച ഏദയശോഭ. 69. വിത്തപ്രവീണന്മാർ— വലിയ പണക്കാർ. 70. കറ്റുവിദ്യാഹീനൻ— ചതിപ്രയോഗങ്ങളില്ലാത്തവൻ. 71. കണ്ടക്കമണ്ടക്കൻ— അങ്ങോട്ടും ഇങ്ങോട്ടും ഓടിനടക്കുന്നവൻ; ഫേറിയറെഢികോൺക— നെറ്റുനോയെന്ന സ്ഥലത്തെ ഒരു ഗ്രാമം.

## Part IV പിതൃവിയോഗവും കാമാന്ധശല്യവും.

72. കാലക്കണ്ണോളത്തിൽ കോലംകളയാതെ
കോലുന്നചാരിത്രം സച്ഗുസൂനം.
നിത്യസുധാകരപ്പൊൻകരമേററു
നിത്യംവിടൎന്നു വിലസീടട്ടെ.

73. ജന്മി "മുസ്സലോനി, ലൂയിക്കപാടത്തു
നന്മനസ്സോടൊരു വേലനൽകി
ആഭ്രവിഭാഗം മലമ്പനിശല്ല്യത്താ-
ലാഭീലാഭിപന്നമായിരുന്നു.

74. പുത്തനായുള്ളൊരു വീടുവച്ചീടുവാൻ
പുത്തനില്ലാത്തേക കാരണത്താൽ,
"ജിയോവിന്നി"യെന്നറിയുന്നൊരുവനും
ലൂയിയുമൊത്തേകഗേഹെവാണു.

75. മക്കളൊാംരണ്ടുപേർ, "ഗാസ്സർ, അലക്സാണ്ടർ
ഒക്കമാജിയോവിന്നിക്കുടുംബം,
ജീവിതലക്ഷ്യത്തിൽ നീചമാം മാൎഗ്ഗങ്ങ-
ളാവിഷ്കരിച്ചു വിവിധങ്ങളായ്.

72. കോലുക– ശോഭിക്കുക. നിത്യസുധാകരൻ– നിത്യ ചന്ദ്രൻ. 73. മുസ്സലോനി– ലൂയിക്കു വേലനൽകിയ വയൽ ഉടമസ്ഥൻെറ പേർ. ആഭീലാഭിപന്നം– ഭയങ്കരമായ ആപ ത്തിനാൽ നിറയപ്പെട്ടതു്. 74. ജിയോവിന്നി– ലൂയി താ മസിച്ച വീട്ടിൽ ഉണ്ടായിരുന്ന ഗൃഹനായകൻെറ പേരു്. 75. ഗാസ്പർ, അലക്സാണ്ടർ– ജിയോവിന്നിയുടെ മ ക്കൾ. ആവിഷ്കരിക്കുക– പ്രത്യക്ഷപ്പെടുക.

76. ഭൂമിയും, ഭാര്യയുമേററം പുലർകാലെ
ആയാസമേന്തുവാനായുണരും,
ജീവിതയാകർഷം തന്നിലനുപദം
താവിട്ടുംവേലകളോരോവിധം.

77. കുത്തുംവയറിൽ നിന്നെന്നുമുയർന്നീടും
സത്യം സഹനം, സായൂജ്യസാതം,
കൊററിനില്ലാത്ത കുടുംബത്തിൽ കൊററവ-
നേററം വിവിക്തൻ മനോവ്യഥിതൻ

78. പട്ടിണിമാററുവാൻ പ്രാബല്യം ചാർത്തുവാൻ
കട്ടായം കർഷകൻ കാമ്മികൻതാൻ,
വിശ്വാസഭ്രഷ്ടിതൻ വിശ്രമമററവൻ
വിശ്വമേ! കർഷകൻ നിൻ കവീന്ദ്രൻ.

79. തോളിൻനുകവും, കലപ്പയും മുൻപിലോ
കാളകൾ രണ്ടെണ്ണം മന്ദം മന്ദം,
നാണംമറയാത്ത കീറത്തുണിയുമായ്
ക്ഷീണിതനാം കർഷകൻ മേവിടുമ്പോൾ,
കൃശമായ് ഗാഗുൽത്താമാമലതന്നിൽ ശ്രീ
യേശുഗമിക്കുന്നൊരോർമ്മയുണ്ടാം.

76. ആയാസം — വേല. ജീവിതയാകർഷം — ജീവിതമാകുന്ന ഉരകല്ല്. താവുക — ഉരയ്ക്കുക. 77. സായൂജ്യം — ദൈവവുമായുള്ള അടുപ്പം. സാതം — സന്തോഷം. കൊററ് — ഭക്ഷണം. വിവിക്തൻ — ശുദ്ധതയുള്ളവൻ. കൊററവൻ — കാരണവൻ. പ്രാബല്യം — പ്രബലത (ശക്തി)

80. യേശുവന്നാസുരലോകംതുറക്കുവാൻ
ക്രൂശാകംതാക്കോൽ വഹിച്ചുവെങ്കിൽ,
ലോകം തുറക്കുവാനേന്തുന്ന കർഷകൻ
പോകുന്നു, താഴക്കാൽ കലപ്പയുംതാൻ.
നിന്നിൻ കലപ്പയെടുക്കാതിരിക്കുകിൽ
ന്നൂനമീമന്നിടം നിശ്ചലംതാൻ

81. ന്നുതനഭാഗത്തു ലൂയിവസിച്ചിട്ട–
ന്നേതാണ്ടൊരുവർഷക്കാലമായി,
പട്ടിണികൂടാതെ ജീവിക്കാൻവേണ്ടവ
കിട്ടിത്തുടങ്ങിയവർക്കവിടെ.

82. കമ്മപടുക്കളെന്നാതുരക്കെന്നെന്നും
ധമ്മവും നൽകിക്കഴിച്ചു കാലം.

83. രോഗിയായ് തീൎന്നിതാ പെട്ടന്നൊരുനാളിൽ
ത്യാഗാത്മൻ ലൂയിമലമ്പനിയാൽ,
ശുശ്രൂഷയൗഷധമൊക്കെവിഫലമായ്
നിശ്ശേഷം മങ്ങിമറഞ്ഞുകാണായ്

84. സത്വരം നിങ്ങളീനാട്ടുവിട്ടീടണ–
മുത്തമൻ ലൂയിതൻ അന്ത്യവാക്യം.
ഭാൎയ്യയെ മക്കളെ മാറിമാറിയപ്പോ
ളായ്യനൊന്നീക്ഷിച്ചു കണ്ണടച്ചു!!!

82. കമ്മവടുക്കൽ– വേലചെയ്യുവാൻ സാമർത്ഥ്യമില്ലാത്തവർ. ആതുരർ– സാധുക്കൾ (യാചകർ) 84. ഈക്ഷിച്ചു– വീക്ഷിച്ചു

85. അന്തം വിട്ടാസ്സൂന്തഃ കണ്ണു നിരന്തരം
സന്താനസംരക്ഷാഭാരമേന്തി,
ആ ജഢം വേണ്ടപോൽ സംസ്കരിച്ചുന്നവർ
പൂജകർമ്മാദികൾ ചെയ്തുപിന്നെ.

86. എന്തുംപ്രവർത്തിക്കും ശക്തിമാനീശ്വര-
നെന്തും കാണിക്കട്ടെയാർക്കേചേതം
ചിന്തിച്ചാൽ മർത്ത്യന്നു ദുഃഖിപ്പാനുള്ളൊരു
ബന്ധമില്ലീമഹീജീവിതത്തിൽ.

87. കണ്ണുതുറന്നനാൾ തൊട്ടനസ്യൂതമാ-
യെണ്ണിയാൽ തീരാദുരിതങ്ങളിൽ,
കാലംകഴിച്ചഭിമാനിനിയാസ്സൂന്ത
ബാലിക, കന്യക, പിന്നെയമ്മ
ഇന്നിതാവൈധവ്യമേന്തുവാൻഹേതുക-
നന്നാതൻ കന്യകാമേരിപുത്രൻ.

88. ചില്ലിക്കാശൊന്നുമേ കയ്യിലില്ലാത്തവ-
ളല്ലിൽ കുഴങ്ങുന്ന കാര്യമോർത്താൽ. (400)
അഞ്ചുകുഞ്ഞുങ്ങളെ പോറ്റേണ്ടവകാശ-
മഞ്ചാതെ തീരുകൊടുത്തുയീശൻ.

89. ഏഴപ്പം രണ്ടുമീൻ നാലായിരത്തിനു-
വാഴിച്ചുമിഞ്ചിച്ച ഭോജ്യശക്തൻ

87. വൈധവ്യം— വിധവതാം. 88. അല്ലിൽ— ദുഃഖത്തിൽ. 89. ഏഴപ്പം രണ്ടുമീൻ....... ഭോജ്യശക്തൻ— ക്രിസ്തുവിന്റെ പ്രസംഗം മൂന്നുദിവസം തുടർച്ചയായി കേട്ടിരുന്നവർക്കു താൻ ഏഴപ്പവും, രണ്ടുമീനും എടുത്തു വാഴ്ത്തി കൊടുത്തതിൽ ഭക്ഷിച്ച സ്ത്രീകളും, കുട്ടികളും, കൂടാതെ 4000 പേരുണ്ടായിരുന്നുവെന്ന ചരിത്രസംഭവത്തെ ഇവിടെ സ്മരിക്കുന്നു.

19728

അഞ്ചാതെനൽകിയ മക്കളാം ഭാരത്തെ
കിഞ്ചാതെ നെഞ്ചക ശക്തിയോടെ,
ഏററെടുത്തക്ഷണമേഴയാമാസൂന്ദ
ഏററവും കാര്യമായ് കാത്തുവന്നു.

90 വീട്ടിൽനിന്നെങ്ങുമയക്കാതെ മക്കളെ
കോട്ടവും കൂടാതെ പോററീടുവാൻ.
കാലിലെരുമ്പിൻ കേറുവാനാകാത്ത
പോലെ വിധവയാം വേലചെയ്തു.
കുക്ഷിയിലല്പവും മിഞ്ചുവാനായവർ
ഭക്ഷിച്ചതില്ലൊരുനാളുപോലും.

91. അമ്മതൻ കഷ്ടസ്ഥിതികണ്ടു സാദര-
മമ്മഹാധന്യയാം കുഞ്ഞുമേരി,
അശ്രുകണങ്ങൾ പൊഴിച്ചുകൊണ്ടല്ലാതെ
യാശ്വാസമുൾക്കൊള്ളാനെന്തുമാർഗ്ഗം.

92. പാർത്താലീപത്തു വയസ്സുതികയാത്തോൾ
പാർത്തലെ യെന്തുപണിയെടുക്കാൻ,
എങ്കിലുമമ്മതൻ വേലയോരോന്നിലും
പങ്കുവഹിച്ചവൾ നാളുതോറും.

90. കുക്ഷി– വയർ. മിഞ്ചുക– നിറയുക. 91. അശ്രുകണങ്ങൾ– കണ്ണീർ തുള്ളികൾ.

93. സാന്ത്വനമാനസ, മക്കളൊത്തന്തിയിൽ,
ശാന്തമായച്ചന ചെയ്തിട്ടമ്പോരം,
മദ്യപിച്ചുന്മാദഭോഷത്വമോദങ്ങ-
ളാസ്വദിച്ചാർ "സെരനെല്ലി" ഗേഹർ.

94. ഓരോതരത്തിലുപദ്രവമീവിധം
ഘോരേററിവിടിന്നസഹ്യമേകി
നേരത്തെയീരണ്ട വീട്ടുകാർ ചേന്നോരോ-
ഖാരകൃഷികളിറക്കുകയാൽ.
പെട്ടന്നഘോരേററിവീട്ടുകാക്കാനാട്ടു
വിട്ടുപോന്നീടാനസാദ്ധ്യവുമായ്.

95. മന്ദം വിടരേണ്ടുമാരോഗ്യസൂനത്തിൻ
സുന്ദരകോരകമെന്നപോലെ,
കൗമാരകാലത്തികവാർന്ന സൗന്ദര്യ
ധാമമായ് മേരി വളൻവന്നു.

96. ക്രിസ്തുവസിക്കുന്ന സക്രാരിപോലവേ
നിസ്തുല്യയായവരം ജീവിതത്തിൽ,
കൊന്തയാം പ്രാലംബം സാധ്വിയാംജീവിത-
യന്തസ്സുയർത്തുവാനേന്തിസാദം.

93. സാന്ത്വനമാനസ– സമാധാനമുള്ള ഹൃദയമുള്ളവരം അച്ചന– പ്രാർത്ഥന, സെരനെല്ലി– ജിയോവിന്നിയുടെയും മക്കളായ ഗാസ്പർ, അലക്സാണ്ടർ എന്നിവരുടേയും വീട്ടുപേര്. 94. ഖാരകൃഷി– പങ്കകൃഷി; 95. കോരകം– മൊട്ട്. 96. പ്രാലംബം– കഴുത്തിലണിയുന്ന മാല. സാദം– എല്ലായ്പോഴും.

97. ചാരുശീലയ്ക്കെഴും രൂപഗുണങ്ങളെ
നേരെഞാൻ നേരിയതായുരയ്ക്കാം.

98. മാനസസൗന്ദര്യ്യ ദീപ്തിപരത്തുന്നൊ-
രാനനപ്പാവനചേഷ്ടകളും,
ഈമഹിയാകെയടിമത്വമാർന്നീടും
കോമളകുന്തളം ചില്ലികളും,
ഹേമസ്വരൂപവും പുഷ്കരമുല്ലതൻ
പൂമൊട്ടുഴലുന്ന ദന്തങ്ങളും,
ഒത്തങ്കുരിച്ചതാ പന്ത്രണ്ടാം പ്രായത്തി-
ലെത്തുന്ന കാലചക്രംകറങ്ങി.

99. തേവടിപ്പെണ്ണായി തീരാത്തൊരുത്തിയെ
ഭുവിതിലാഢ്യയെന്നാരുരയ്ക്കും?
ദാരിദ്ര്യക്കണ്ടിൽ കുളിച്ചുകുഴയുംനിൻ
ചാരിത്രമെങ്ങിനെ ലക്ഷ്യമെത്തും?

100. പഞ്ഞംപിടിച്ചോരു വീട്ടിൽ വസിക്കുന്ന
മഞ്ജുളരൂപിണിയാരുമാട്ടെ,
സാധിക്കവേണം ധനാഢ്യക്കുള്ളാശകർ
സാധുവിൽ തോന്നുകിൽ ജംഗമംപോൽ.

---

98. ആനനം — മുഖം. കുന്തളം — മുടി. ചില്ലികൾ — പുരികങ്ങൾ. ഹേമസ്വരൂപം — സ്വർണ്ണവർണ്ണം. 99. ആഢ്യ — ശ്രേഷ്ഠത്വമുള്ളവൾ. 100. ജംഗമം — വീടുകളിൽ നിത്യോപയോഗത്തിനായി നിർമ്മിച്ചിട്ടുള്ള സാധനങ്ങൾക്കു ഒന്നായ പേരു്.

101. ഓക്കകനിൻമനസ്ഫ്രൂത്തിയിൽ ബാലികെ
നീക്കമില്ലാതെയെൻ വാക്കുകളെ

102. സൂര്യനും ചന്ദ്രനും നക്ഷത്രജാലവു-
മാര്യയാമിക്കൊച്ചു കന്യകയെ,
കാണാതൊരിക്കലും കാലംകഴിക്കുവാൻ
ത്രാണിയില്ലാത്തതരത്തിലായി.

103. എങ്കിലും കന്യകെനിന്നഭിമാനാത്മ
മങ്കംനടത്തേണ്ടകാലമായി
ക്രൂരരിൽ ക്രൂരനായേകനുണ്ടേററവും
ചാരത്തുനീയതു കാത്തുകൊൾക.

104. നാലഞ്ചുനാളുകൾ നാലഞ്ചുവത്സര
ക്കാലംപോലെയലക്സാണ്ഡർനീക്കി,
മേരിതൻ അംഗലാവണ്യങ്ങളോർത്തവൻ
നീരുറവസമംചിന്തപൂണ്ടു,
കാമവിക്രാന്തക്കടലാക്കിമാനസ
വ്യാമോഹവീചികളാപ്പ്ടിച്ചു.

105' പാപത്തെയെന്തെന്നറിയാത്തയുാംപ്രകാ-
ശ്രൂപിണിയോടൊന്നടുത്തുമെല്ലെ,
കഷ്ടമാമ്രേഡിതം ദുഷ്ടൻ തുനിഞ്ഞുടൻ
ശിഷ്ടയെ പാപത്തിൽ മ്ലാനയാക്കാൻ.

## ടിപ്പണി

101. മനസ്ഫ്രൂത്തി– ഹൃദയത്തിന്റെ ഇടിപ്പ്. ആയു്ശ്രേഷ്ഠ. 103. അങ്കം– യുദ്ധം. 104. കാമവിക്രാന്തക്കടൽ– ശക്തിയുള്ള കാമക്കടൽ. വ്യാമോഹവീചികൾ– ഒരാശയാകുന്ന തിരമാല. 105. ആമ്രേഡിതം– പലവട്ടം.

106. ശുദ്ധമാം സ്ഫൂൎത്തിതയാൎന്നതാം കന്യയാ
ശുദ്ധമാം പാപഭയങ്കരതു,
ജീവനാശത്തിലു മുഗ്രമാണെന്നോൎത്തു
ജീവിതം ദിവ്യമായ് പോക്കിവന്നു.

107. ആദിത്യനെപ്പോലെരുമ്പിടും മുട്ടയു
മാദ്യന്തമീശ്വരൻ കാത്തീടുമ്പോൾ,
വെമ്പുമാചെമ്പിലക്കുള്ളിൽ കിടന്നോരോ
കമ്പമാൎന്നംബുകണങ്ങൾപോലെ,
ആരിന്നുവെല്ലുവാൻ പോകുന്നു ഭൂതലെ-
യാരോഗ്യമുള്ളോരോ മാനസങ്ങൾ.

106. ശുദ്ധമാംസ്ഫൂൎത്തി — ശുദ്ധതയുള്ള ഹൃദയത്തുടി
പ്പ്. 107. അംബുകണം — വെള്ളത്തുള്ളി. വെല്ലുക — ജയിക്കുക

## Part V അലക്സാണ്ടരുടെ പ്രണയചാപല്യം
## മേരിയുടെ മറുപടി.

108. നിശ്ചയം, നീചനുമെയ്യൂക്കമുണ്ടായാൽ
പിച്ചപ്പാത്രത്തിലും കല്ലേറിയും,
ദുസ്സാമർത്ഥ്യത്താരാട്ടിനൊത്തതായാട്ടിൽ
ദുസ്സഹരാക്കുന്നു സാധുക്കളെ.

109. ആയിരംപിന്നെ തൊള്ളായിരത്തിരണ്ടു
മായകാലം ജൂലയ്യഞ്ചാംദിനം,
പാരുഷമേറും കരങ്ങൾ ചീതറിച്ചു.
പൌരുഷമററുദിച്ചംശുമാലി,
നാണംകെട്ടേവർക്കും ജീവിക്കാൻ ചാലുകൾ
കാണിച്ചുകൊണ്ടു കറങ്ങികല്പൻ,
അഞ്ചംബസഞ്ചിത പഞ്ചകമഞ്ചുംപോൽ
മിഞ്ചിപ്രപഞ്ചമചഞ്ചലമായ്. (500)

110. കൊയ്യുവാൻ പോയന്നു കാലത്തെയാസ്സന്ത
തയ്യാറായ് കൂടെയലക്സാണ്ടറും,

111. ഉച്ചക്കുമേൽ ജീവൻ കൊയ്യുവാനീനീചൻ,
നിശ്ചയം വേണ്ടതു പാട്ടിലാക്കാൻ,
കാലത്തെ പോകുന്നു ധാന്യമറുക്കുവാ
നാലയദോഷി മനോജരൂപൻ.

108. മെയ്യൂക്കം— ശരീരശക്തി. താരാട്ടു്— ലാളനം.
109. അംശുമാലി— സൂര്യൻ. അഞ്ചംബൻ— കാമദേവൻ. സഞ്ചിതം— സമ്പാദിക്കപ്പെട്ടതു്. പഞ്ചകം— പടനിലം.
111. ആലയദോഷി— കുടുംബദോഷി. മനോജരൂപൻ— കാമദേവൻ.

112. കാലത്തെ മേരിയുണർന്നുഗൃഹത്തിലെ
വേലകളെല്ലാം കഴിച്ചുവേഗം,
പള്ളിയിൽ ഭക്ത്യാഗമിച്ചുതിരിച്ചവ-
ളുള്ളിലുണ്ണി മിശിഹായുമായി.

113. പ്രാതൽവിളമ്പിയാതമ്പിമാക്ക്ത്രയും
പ്രീതിപകന്നു കഴിഞ്ഞശേഷം,
ശേഷിച്ചതില്ലന്നൊരൽപവും കഷ്ടമ
ക്കാർഷികകന്യക പട്ടിണിയായ്.

114. പട്ടണവാസികൾ പാടം കാണാത്തവ-
രെട്ടുതരംകൂട്ടിയുണ്ടിടുമ്പോൾ,
ചാരിത്രജീവികൾ ഗ്രാമീണപുത്രികൾ
പാരംവിശന്നു പൊരിഞ്ഞിരിപ്പൂ.

115. പ്രേതമായിന്നഖം മാറുന്നൊന്നിയോ
പ്രാതൽ മുഴക്കാതിരുന്നകാര്യം,
മൂലോകപാലകൻ നിത്യവിരുന്നിനാ-
ബാലികക്കല്ലെങ്കിൽ കത്തയച്ചോ,
ആരറിയുന്നുനിൻ മൂർദ്ധാവിൽമന്നമെ
പോറിയരേഖകൾക്കുള്ള സാരം.

116. നേരം വെളുത്തിട്ടുമിനീരിറക്കാത്ത
മേരിയാൾ മെല്ലവെ നെല്ലുകുത്തി,

ഉച്ചഭോജനവുമമ്മവരുംമുന്നം
മെച്ചമായ് സജ്ജമാക്കിക്കഴിഞ്ഞു.

117. മാതാവിന്നാഗമം കാത്തുകാത്തങ്ങിനെ
ഭ്രാതൃഭഗിനികൾ പോക്കിനേരം,
താന്തയായാസ്സന്ത നട്ടുച്ചനേരത്താ-
ശാന്തനികേതനേ വന്നുചേർന്നു.

118. മദ്ധ്യാഹ്നവാരെ ഭുജിച്ചവരെല്ലാരു-
മല്ഗ്രാസത്തിൽ സംതൃപ്തരായി.

119. അന്നത്തെ പെസഹാപോലെയീഭോജനം
മിന്നാട്ടംമേരീനിൻ ജീവിതത്തിൽ.

120. കററമെതിക്കവാനുച്ചക്കശേഷവു-
മുററു ശ്രമിച്ചിരുപങ്കുകാരും,
പങ്കിലനാമലക്സാണ്ടരുമായുള്ള
പങ്കുകൃഷിക്കിന്നറുതിയല്ലേ.?

121. കററക്കളത്തിലെ കാറുവർകാണുവാ-
നററമില്ലാതുള്ള യാശയാർന്നു,
കുഞ്ഞേച്ചിയോടനുവാദവും വാങ്ങിച്ചാ-
കുഞ്ഞുങ്ങളെത്തിമെതിക്കളത്തിൽ.

117. ഭ്രാതൃഭഗിനികൾ— സഹോദരീ സഹോദരന്മാർ. താന്ത— ക്ഷീണിച്ചു തളർന്നവൾ. ശാന്തനികേതനം— സമാധാനമുള്ള കുടുംബം. മദ്ധ്യാഹ്നവാരം— ഉച്ചസമയം. അല്ഗ്രാസം— പകതിഭക്ഷണം. 119. അന്നത്തെ പെസഹാ— ക്രിസ്തുവും, മാതാവും, ശിഷ്യന്മാരും ഒരുമിച്ചു കഴിച്ച അവസാനത്തെ ഭക്ഷണം. 120 പങ്കിലൻ— പാപി. 121. കാറവാർ— വേല.

122. ഏകയായേണാക്ഷിമൂകയെപ്പോലപ്പോ
ളോകസ്സു സൂക്ഷിച്ചു കൊണ്ടിരുന്നു,
കീറിയ കുപ്പായം കുത്തുന്നവേലയെ
പേറിയാപ്പാംഗല വ്യാപരിച്ചു.

123. ജീവിതസ്വാതന്ത്ര്യവാടികയിൽ മാട-
പ്രാവുപോലെൻ ചായന പാറിടുന്നു.
മിന്നുന്നമായയിൽ മായകത്തിനാ-
യൊന്നുമാത്രമഹോ മർത്ത്യചിത്തം.

124. മൺകാലമില്ലാതെ മറെറന്തിമന്നിടെ-
യെൻകണ്ണിലെണ്ണുവാനൊന്നുമില്ല.

125. ഉണ്ടാം, സ്വദേശവിദേശനയങ്ങളാം,
രണ്ടുമാണവയിൽ പക്ഷമൊന്നാം,
"സ്വാത്മപരിത്യാഗം" മാത്രമാണാവിശ
പാർത്ഥിവനന്നയം പ്രസിദ്ധം

126. എന്തുനടക്കുന്നു ഗോരേററിഗേഹത്തിൽ
ചിന്തിച്ചുനോക്കാം നമുക്കുവേഗം.

122. ഏണാക്ഷി-സുന്ദരി. ഓകസ്സ്-വീട്. 125. ഉണ്ടാ...... ........രണ്ടുമൊന്നാം- എല്ലാ രാജ്യതന്ത്രജ്ഞന്മാർക്കും, വിഭിന്നങ്ങളായ രണ്ടു നയങ്ങൾ ഉണ്ടു. അതിനു സ്വദേശനയം, വിദേശനയം എന്നു പറയുന്നു. എന്നാൽ ദൈവത്തിനുള്ള ഇരു രണ്ടുനയങ്ങളും ഒന്നുതന്നെയാണ്. അതിനു "സ്വാർത്ഥപരിത്യാഗം" എന്നു പറയുന്നു.

127. ഒരരിയിൽ കാമവിക്രാന്തനലക്സാണ്ടർ
ആരുമറിയാതെ വീട്ടിലെത്തി,
ഗോവണിപ്പടികളും ചാടിക്കയറുന്ന
കാർവർണ്ണിയാണവനേകലക്ഷ്യം.

128. ഉഷ്ണാഗ്രോവണി ചാടിക്കയറുകിൽ
പെട്ടന്ന കാലൊന്നു തട്ടിയെങ്കിൽ
പാറമേൽ സ്ഫടികപ്പാത്രം പൊലിഞ്ഞപോൽ
മാറിമാററിത്തകർന്നീടുമല്ലോ.

129. തത്രപ്പിടിച്ചവൻ വാതൽ തുറക്കുന്ന
തത്രയാകന്യയെ കണ്ടിടുന്നു.
ഓടീട്ടടുത്തുടൻ മേരതൻ ചാരത്താ-
ആടിനെക്കണ്ട ചെന്നായപോലെ.

130. പൂമൊട്ടിൻ തേൻ നുകർന്നീടുവാനല്ലെങ്കിൽ
വ്യാമോഹം കാട്ടുന്ന വണ്ടുപോലെ,
കാമാന്ധനായലക്സാണ്ടരാഭാസ
പ്രേമാർദ്രവാക്കുകളോതിമെല്ലെ.

---

127. കാമവിക്രാന്തൻ– കാമപാരവശ്യത്തോടു കൂടിയവൻ, മാററിത്തം– ശകലശഃ.

131. പ്രേമാക്ഷി, മല്ലാക്ഷി, മീനാക്ഷി, ലോലാക്ഷി,
കാമാക്ഷി, നിത്യദീർഘലോലോൽപലാക്ഷി,
കാർവേണി, സുന്ദരി, സൗഭാഗ്യമംഗലെ,
പൂവേണി, മാനസി, പൂവലാംഗി,
മാൻകണ്ണി, മൈക്കണ്ണി, ചന്ദനശീതളെ,
മീൻകണ്ണി, മോഹിനി, മഞ്ജുളാംഗി,
നിന്നെയാശിച്ചൊരെന്നായുഃ ജീവിച്ചി
ട്ടിന്നീമുഹൂർത്തത്തിൽ വ്യർത്ഥമാക്കി.

132. ആലോചനാജന്യമൂധസ്സിന്നുയർന്നവ-
ളുദ്ധതയാകുമോ പുത്രങ്ങളിൽ
ഇത്തരം നഗ്നമാം കാമപ്പുഴുപ്പിന്റെ
യത്നമകേട്ടവൾ ഞെട്ടുകയായ്.

133. അല: കോപിച്ചീടൊല്ല കുമാരി നീ ചിന്തിക്ക
പാപമെന്തീജഡജീവിതത്തിൽ
മേരി. ഭൗമികജീവിതമെത്രനാളുണ്ടെടോ
നാമെല്ലാം ദൈവത്തിൻ മക്കളല്ലേ.
അല: ഇന്നത്തെയാശകൾ പൂർത്തിയാക്കീടുക
പിന്നത്തെക്കാര്യങ്ങൾ പിന്നെയല്ലേ.
മേരി. ചൊല്ലുകവേണ്ട നീ പാപവാക്കുകളെ
കല്പിതതല്ലിത്തകർത്തിടേണ്ട.

131. പ്രേമാക്ഷി...... മഞ്ജുളാംഗി_ സുന്ദരിയുടെ പതിനെട്ടു പര്യായങ്ങൾ 132. ആലോചനാജന്യമൂധസ്സ് - ആലോചനകൊണ്ട് സന്തോഷിച്ച് വർദ്ധിച്ചതിനാൽ സംജാതമായ ഊധസ്സ്. ഊധസ്സ്- മുലപ്പാൽ. ഉദ്ധത- ഇളകുന്നുള്ളവൾ.

അലഃ കൺമണി നീയകന്നാലെല്ലാരാലക്ഷമമെൻ-
കൺമിഴിയുള്ളനാളും സാദ്ധ്യമല്ല

മേരി. സത്വരം കൈവിട്ട നീചവികാരങ്ങ
ളിക്ഷണംമുതൽ ധന്യനാകൂ (600)

അലഃ നിന്നെത്യജിച്ചു ഞാൻ മന്നിൽ വസിക്കുമോ
യെന്നതെന്നോമലൊന്നോർത്തുനോക്കൂ.

മേരി. ഒട്ടുമഭിമാനമില്ലാതെയിത്തരം
ധൃഷ്ടതയെന്നോടുരയ്ക്കവേണ്ട.

അലഃ പൂരുഷൻ, പൂരുഷിയെന്ന രണ്ടുഗണം
പാരിൽപ്പടച്ചതു മീശനല്ലേ.

മേരി. കീടകരീവിധം വാക്കുകളൊന്നുമേ
പാടേയെനിക്കവ കേൾക്കവേണ്ട.

134. ഉത്താലവംശജയാതമതത്വങ്ങളെ
യുത്തരം കൊണ്ടുടൻ വ്യക്തമാക്കി,
ബോധമുള്ളവനു ബോദ്ധ്യമാക്കീടുവാൻ
സാദ്ധ്യമാണാകുമവർണ്ണനമെങ്കിൽ.

135. ബ്രഹ്മചര്യസ്ഥിതിയേപാലമാനവ
ബ്രഹ്മപുത്രസമ വാഞ്ഛയെല്ലാം,
അബ്ജപത്രത്തിൻ വക്ത്രത്തും പൂർണ്ണ യതിക്രമാ-
ലുൾപ്പൂവിടത്തിൽപ്പുറത്തൊഴിഞ്ഞു.

133. കീടകൻ— സ്നേഹമില്ലാത്തവൻ. ഉത്താലവംശജ— ഉയർന്ന കുടുംബത്തിൽ ജനിച്ചവൾ. ബ്രഹ്മചര്യസ്ഥിതി— വേദം അഭ്യസിച്ചു അനുസരിച്ച് ജീവിക്കുന്നവൾ. ബ്രഹ്മപുത്രം— കാളകൂടവിഷം. യാചമാനവൻ— തൊഴുകചെയ്യുന്നവൻ. ബ്രഹ്മപത്രം— വിഷം. അതിക്രമം— ശത്രുവിൻ്റെ അടുക്കൽ ഭയം കൂടാതെ നിൽക്കുന്നത്. ഉൾപ്പൂ— ഹൃദയം.

136. ഏകദൈവമെന്നും ജീവിക്കുന്നവനും
ലോകത്തിൽ സ്വാതന്ത്ര്യമരുളീടുമൻപോൻ;
തടർശമെ നിനക്കെന്നും വിജയിക്കാ—
മല്ല്യാപിയാരോട്ടുമെന്നോർക്കമായ്.

137. ആരമർദ്ധിതയത്നമോടെ റിപുഹവമാ-
യാമഹാമാചലൻ കാണുകയാൽ,
സാധ്വി തൻ ചാരത്തു താമ്രചൂഡംപോലെ
സാദ്ധ്യകാര്യത്തിനായ് പാഞ്ഞടുത്തു.

138. പേടമാൻ കണ്ണിയാൾ ഞെട്ടിപ്പോയ് വെട്ടുന്ന
വാടിവിളറിമുഖാബ്ജമേറെ,
പക്ഷേ, കുമാരിക മാത്രമല്ലേവർക്കു
മക്ഷീണസ്വാതന്ത്ര്യം, ആത്മമന്ത്രം

139. ശാന്തമായ് ശാരികപൈതൽ പറയുംപോൽ
സാന്ത്വനരൂപിണി ചൊല്ലീടുന്നു.
ഹാ! പാപം! നീയെന്തു ഗർവ്വിതംചൊരുന്നു
ആപാദചൂഡം വിറച്ചുമേരി

140. കാമവെറിപൂണ്ടലക്സാണ്ടരക്കണം
വ്യാമോഹാതീതനായ് ചല്ലമത്തി.

136. അദൃമപി പെട്ടന്നു. ആരബ്ധിതയത്നം — പല പ്രാവശ്യത്തെ ശ്രമം. മഹാമാചലൻ — വലിയ അക്രമി. സാധ്വി — പതിവ്രത. താമ്രചൂഡം — പൂവൻകോഴി. 138. മുഖാബ്ജം — മുഖമാകുന്ന താമര. 139. ഗർവ്വിതംചൊരുക — പറഞ്ഞതുതന്നെ ഉച്ചത്തിൽ ആവർത്തിക്കുക.

ഹാസ്യപ്പൊൽകരാശിക പൂത്തിരിതൂകിയാ-
ഭാസുരതാളമെന്നെയുറപ്പുവാക്കൾ.

141. അല: വിക്രൂബവാക്കെന്നിക്കില്ലമ്മനോക്കിനി;
ഇമ്മാതിയുറക്കാമ്പിൽ വേണ്ടപോലെ.

മേരി. ദേഹി ഹനിക്കാതെ പോകകൈസാദര
മോഹകൻ വഞ്ചിച്ചീടുന്നതിന്നോ.

142. കാടകം തന്നിലെ വെട്ടുവാൻപായുന്ന
കൂടകർപ്പാത്തിര വേദമുണ്ടോ,
പന്നഗമെന്നപോൽ താരമ്പർ കൈക്കാര-
നാന്മചിത്തെയുറപ്പിച്ചീതപ്പോം,
വാനവവാടികപ്പൂവായിത്തീരുവാൻ
മാനവപുത്രിയും നിശ്ചയിച്ചു.
സര്വ്വസ്വാതന്ത്ര്യസ്വാരമുയർത്തീടുന്ന
ഹൃത്തടംസൂനുക്കോകിലംതാൻ

143. പൊൽക്കൊണ്ടബാലിക തന്നുടെവാക്കുക-
ളൊക്കെത്യജിച്ചുവൻ താല്കാലികൻ. (650)
അഷ്ടദിക്കുംമുടിക്കുന്നൊരഹംഭാവ
യത്ത ഹാസമത്തിലടുത്ത സത്യൻ.

141. വിക്രൂബവാക്ക്_നിരർത്ഥകമായ വാക്ക്. ദേഹി_ആത്മാവ്. മോഹകൻ_ചിരാമ്. 142. കൂടകൻ_വഞ്ചകൻ. പന്നഗം_സർപ്പം. സൂനം_സ്വാതന്ത്ര്യം.

144. ചിത്താരിലൊരാഷമുണ്ടെന്നുപ്രതിക്രിയ
ചിത്തജന്മാവുതൻ തീർപ്പുചെയ്യു
എന്തിനീസംശയ്യാമല്ലസ്വീകാരത്തിൽ
ചിന്തിച്ചാലന്തവുമില്ലതെല്ലാം.

145. ചിക്കനെ യാത്രികർ പാഞ്ഞുചെന്നപ്പുതാവ
ചക്കിപ്പൂച്ചയെ പിടിച്ചപോലെ,
ചട്ടറവൈകേശികം പുറത്തുപിടിച്ചുകാൽ
മുട്ടുകൊണ്ടൂറ്റമമർത്തിമെയ്യിൽ,
ഭീരുതപൂണ്ടോരാ രോദന്തിപ്പെണ്ണിന്റെ
ചാരിത്രരത്നം കെട്ടഴിച്ചാർ,
അച്ചിങ്ങപോലുള്ള പിഞ്ചുകരങ്ങളെ
യിച്ചപാൽക്കുട്ടിപ്പിരിച്ചൊടിച്ചു.

146. ആക്രമണാധികാരമാർക്കുമിന്നി
നോക്കുവാൻ പോലുമാവശമാട്ടിൽ
ആണുങ്ങളില്ലാത്ത വീട്ടിലധികാരം
കാണിപ്പാനിങ്ങനെ കേറും ചിലർ,

147. ജീവിതസ്വാതന്ത്ര്യത്തെപ്പുലർത്തീടുന്ന
ഭാവനാപൂർണ്ണനാം ദൈവമെന്നും,
ലോകാളിലാരുമവമാത്മചൈതന്യവും
നോക്കട്ടെ മല്ലടിച്ചൊന്നവിടെ.

ചിത്തജന്മാവു് - കാമദേവൻ. 145. ചിക്കനെ - വേഗ
ന്ന. പഞ്ജരം - കൂട്. ചട്ടറവൈകേശികം - കെട്ടിവച്ചിരി
ക്കുന്ന മുടി.

148. ഇഞ്ഞ്ഞായ്‌ ജീവൻ വെടിയേണ്ടിവന്നാലും
വഞ്ചനയാകാത്ത കന്യകയാം,
കെന്ത്യനജീവനെറിഞ്ഞാതിരിപ്പാനാ
ചഞ്ചലചിത്തഃനാടായതുപോൽ.

149. ക്ഷേത്രീയമൊന്നിന്നു വൈദ്യൻ വിധിക്കുന്ന
ഗാത്രമില്ലാത്ത മരുന്നുപോലെ,
ദൈതേയചിത്താഭിലാഷദുർവൃത്തിയീ-
ജിതേന്ദ്രിയക്കുണ്ടായീജഗത്തിൽ.

150. ഇന്ത കടിച്ച കുരങ്ങിനെപ്പോലവൻ
സഞ്ചരിച്ചാമുറിക്കുള്ളിലപ്പോൾ

151. കൃഷ്ണകർമ്മാവിനിന്നെന്തു ചെയ്തിടുവാൻ
തൃഷ്ണനായ്‌ തീരുമെന്നാരറിഞ്ഞു.

152. ആതങ്കദുര്യൂരുവാൻ താരാർമകളെന്നിൻ
താരകബ്ഭ്രമമാപ്പിതാഹൃദയം.

153. ഹൃത്തടത്രാസിന്റെ തട്ടൊന്നുതാണുപോയ്‌
ദുത്തുംഗകാമത്തിൻ ഭാരമേന്തി.

---

149. ക്ഷേത്രീയം - പൊറുക്കാത്ത രോഗം. ദൈതേയചിത്താഭിലാഷം - അസുരന്റെ ഹൃദയത്തിലുള്ള ആശകൾ. ജിതേന്ദ്രിയ - ഇന്ദ്രിയങ്ങളെ ജയിച്ചവൻ. 151. തൃഷ്ണൻ - ആർത്തിയുള്ളവൻ. കൃഷ്ണകർമ്മാവ് - നീചപ്രവൃത്തി ചെയ്യുന്നവൻ. 152. താരാർമകൾ - ലക്ഷ്മീദേവി.

154. മേരി നീയെന്തുപറയുന്നയിക്കുറി
നേരം പോകുന്നുടൻ തീർച്ചയാക്കു.

155. ധീരതസത്യവിശ്വാസപ്രബുദ്ധത
ധൈര്യമാസ്ഥൈര്യപരാക്രമത്തിൽ,
തേൻമൊഴിയാളവസാനമായെത്രയും
സൗമ്യമായോതി നിവൃത്തിയേവം,

156. "സച്ചിദാനന്ദനെ ചിന്തിച്ചു നിത്യമായ്
നിശ്ചയിച്ചല്ലോഞാൻ ചൊല്ലിയല്ലോ"

157. ആവിടചിത്താഭിലാഷങ്ങളത്രയു–
മാവനരോദനമാകുകേൾക്കാൻ.

158. നിശ്ചയം നീചന്നു മെയ്യാക്കമുണ്ടായാൽ
പിച്ചപ്പാത്രത്തിലും കല്ലെറിയും.
ഉസ്സാമത്ഥ്യത്താരാട്ടിന്നൊത്രതായാട്ടിൽ
ഉസ്സഹരാക്കുന്നു സാധുക്കളെ.

155. സ്ഥൈര്യം– ധൈര്യം. 156. സച്ചിദാനന്ദൻ– ദൈവം.

## Part VI അലക്സാണ്ടരുടെ പ്രതികാരം

159. പുണ്യപ്പൂമാരിയാൽ പാരിടപ്പൂത്തട്ടം
പുണ്യത പൂണുന്ന വെള്ളിമേഘം,
ചോരുന്ന ഛന്ദസ്സാൽ ഛാദിതമായെന്നും
ചേരുന്നു ചേതനച്ചേവടിയിൽ.

160. കാമപ്പുളപ്പുകൊണ്ടന്ധനലക്സാണ്ടർ.
വ്യാമോഹരാക്ഷസനായിമാറി,
ഗർജ്ജിച്ചുമേരിതൻ ചാരത്തുനിർലജ്ജം
പ്രജ്ഞാവിഹീനനായ് പാഞ്ഞടുത്തു.

161. എല്ലാംസഹിക്കാമെന്നുള്ളതിന്നപ്പുറ
മില്ലായൊരുത്തനും ജീവിതത്തിൽ.
നാണമില്ലാത്തവൻ ചാർത്തിയ ചാപല്യം
കാണുവാൻ കണ്ണുകൾക്കേകിലൈവം.

162. ഭീകരസ്വാർത്ഥ വികാരചിന്താദികൾ
മൂകങ്ങളാകുന്നമേരീമനം,
ഹേമാന്തപ്പുത്തമാമൃതാപ്രഭാപൂരംപോ-
ലാത്മസംതൃപ്തിയിൽ വാണീടുമ്പോൾ;

---

159. പൂണുന്ന– അനുഭവിക്കുന്ന. ചോരുന്നു– മാറിക്കളയുന്നു. ഛന്ദസ്സ്– താന്തോന്നിത്വം. ചേതനച്ചേവടിയിൽ– ദൈവതൃപ്പാദത്തിൽ. 160. ചാപല്യം– ചപലത.

മേലാളിക്കോമാളിക്കന്വേഷക്കാമാന്ധൻ
ചേലിലപ്പല്ലവി പാടീടുമ്പോൾ,
ചാരിത്രപ്പൂൽക്കൊടി വിശ്വാസപ്പൂമ്പൊടി
പൂരിച്ച സ്നേഹത്തിൻ ജീവനാഡി,
പേടിച്ചു ചിത്തം വിറച്ചുന്നരുങ്ങിയ
മാടപ്രാവൊന്നുപോൽ മേവീടുമ്പോൾ,
പുഞ്ചിരിച്ചംബരനാഥനവളുടെ
പിഞ്ചുഹൃദയെയുണർന്നിരിപ്പൂ.

163. പാംസനൻ ഹിംസ്രപ്പശുപോലെപ്പെട്ടന്നാ-
ത്രാസസംഹാരിയെ ലക്ഷ്യമാക്കി.
അഞ്ചാതെനീണ്ടകഠാരിയൊന്നാഞ്ഞുന്നു
പിഞ്ചുകുമാരിതൻ നെഞ്ചകത്തിൽ.

164. വക്ഷസ്സിൽ പിന്നെ സർവ്വാഗവും ഹാ കഷ്ടം
ലക്ഷ്യമില്ലാതവൻ കുത്തിയല്ലോ.

165. മച്ചിൻ മുകളിൽ കിടന്നേറമുച്ചത്തിൽ
സച്ചിന്മയസുത കേണിടുമ്പോൾ,
ക്ഷാമപ്പിഞ്ചുഗളം വീറോടമർത്തിനാൻ
കാമക്കഞ്ചുകക്കരാളഹസ്തൻ.

162. മേലാളി.......ക്കാമാന്ധൻ- പാപത്തിലും കോപത്തിലും കൂടി അധികാരം കാണിക്കുന്ന കാമാന്ധൻ. 163. പാംസനൻ- പാപമുള്ളവൻ. ത്രാസസംഹാരി- പാപത്തെ നശിപ്പിക്കുന്നവൻ. ഹിംസ്രപ്പശു- കാട്ടുമൃഗം. ആഞ്ഞുക- തറക്കുക. 164. വക്ഷസ്സിൽ- നെഞ്ചിൽ. സച്ചിന്മയസുത- ദൈവത്തിന്റെ പുത്രി. ക്ഷാമപ്പിഞ്ചുഗളം- ഇളയതും ശോഷിച്ചതുമായ കഴുത്തു. 165. കാമക്കഞ്ചുകം- കാമപ്പടച്ചട്ട. കരാളഹസ്തൻ- ദുഷ്ടത പ്രവർത്തിക്കുന്ന ഹസ്തങ്ങൾ ഉള്ളവൻ.

166. ചീറവുന്ന കററാർകുഴലിതൻ ചെഞ്ചോര
മാറൊറാലി മാരനെ തള്ളിനീക്കി,
ആലംബമില്ലാതുപരക്തരക്തത്തി-
ലാലസ്യമററാത്മശാന്തിതൂകി.

167. കാമക്കാർകൊണ്ടൽ തട്ടത്തവം പെയ്യിച്ച
പൂമാരിച്ചെഞ്ചോര ബിന്ദുക്കളാൽ,
മുട്ടാറുതീർത്തുടൻ തീർത്തുംമറുകരെ,
മുട്ടാളനെയാക്കി മുക്തശങ്കം.

168. ആപത്തുതീർക്കുന്ന മുഖ്യമാം കാരണം
രൂപലാവണ്യമോ അന്ധതയോ,
രണ്ടുമല്ലോർക്കുകിൽ വിശ്വാസരാഹിത്യം
പണ്ടുതന്നെയിതു വ്യക്തമല്ലെ.

169. മാലാഖമാർവന്നാരക്തകല്ലോലത്തിൽ
താലോലിച്ചീടുന്ന ബാലികയെ, (750)
വാനവൻ വത്സയെ നോക്കിനിന്നങ്ങിനെ
യാനന്ദപ്പൂമഴ തൂകീടുന്നു.

170. ആസ്തികനാന്ന് വിദേശമന്ത്രിണിയായ്
ജാസ്തിപ്രശസ്തി യാർജ്ജിച്ചമൂലം.

166. മാരൻ – കാമദേവൻ. ഉപരക്ത – വ്യസനിച്ചവൾ
167. മുട്ടാറ് – നീളം കുറഞ്ഞ ആറ്. മുക്തശങ്കം – ശങ്കകൂടാതെ. 169, രക്തകല്ലോലം – രക്തത്തിലെ ചെറിയ ഓളം.

കിട്ടിപരിപൂർണ്ണ നിത്യപരിവട്ടം
മട്ടോൽ മിഴികളുള്ള യേകനേട്ടം·
ആശിസ്സുകളികൊണ്ടംബരയംബയു–
മാശ്രുഭ്രയംശകമേകിടുന്നു.

171. വാർമഴവില്ലിനെ വെല്ലുംമനോഹരി
ഗ്രാമാന്തരത്തിലെ മംഗളാംഗി,
വാടിത്തളരാത്ത ഭക്തസുമമേററം
വാടിപ്പൊലിഞ്ഞപോൽ കാണുമാറായ്.

172. നിർധനയെങ്കിലും നിത്യനിർദ്ദേശത്തെ
യുദ്ധരിച്ചായവൾ പൂർണ്ണമായി,
കാമചാപല്യങ്ങൾ ഭസ്മീകരിച്ചവൾ
ഭൗമികമൂകത കാട്ടിയാർക്കും.

173. സ്വപ്നനാണ്യങ്ങളെ വർണ്ണപ്പകിട്ടിനെ
യെണ്ണുന്നുമാനവർ സർവ്വസ്വമായ്,
മണ്ണായിക്കാണുന്നിതെല്ലാം സുഭക്തർതൻ
കണ്ണിലെ സർവ്വവും ദൈവമെന്നും.

174. സ്നേഹത്തിൻ മാറെററം മാററാതെകാട്ടുന്ന
മോഹനകല്ലാകും ദുഃഖമൊന്നിൽ

ശ്രീ-ശ്രീ-ശ്രീ

പരിവട്ടം– പുണ്യപ്പെട്ടവരുടെ തലക്കു ചുററും ഉണ്ടാകുന്ന ദിവ്യദീപ്തി. ആർദ്രത– ദയവ്. കണ്ടകം– മുള്ള്.

മാർദ്ദവമാക്കാത്ത മാനസമത്രയു-
മാർദ്രതയില്ലാത്ത കണ്ഠകങ്ങാം.

175. ലോകത്തിരങ്ഗീല തന്നിൽ മതചിത്രം
തൂകുന്നശബ്ദം നിയതിയെങ്കിൽ,
ക്ലേശവും സ്നേഹവും വേറിട്ടുകാട്ടുന്നോ
രീശനും രണ്ടുഹൃദയമുണ്ടാം.

176. ഒന്നും പൊഴിയില്ല കാട്ടുപുഷ്പദല-
മെന്നുമാപ്പൂട്ടണപ്പൂക്കളെപ്പോൽ.

177. ശാപസധാരയെഴുക്കീടുന്ന ദൈവത്തിൻ
ശാപസന്നാളത്തിൽ വികാസമേകാൻ,
സ്നേഹവും ദുഃഖവും മാത്രമാണൗഷധം
മോഹനമാണിവ രണ്ടുമെന്നും.

178. ജീവിതം പുണ്യപാപങ്ങളാം പക്ഷങ്ങാം
താവാതെ പുണ്യമാം പക്ഷമാക്കി,
നിസ്സ്വാർത്ഥസേവനം നിസ്സീമമായവാം
ഹ്രസ്വകാലംകൊണ്ടു പൂർത്തിയാക്കി,
പൂരിതതപ്തയാമമ്മതൻ ചിത്തത്തിൽ
സൈരികം തേക്കാതെ ജീവിതത്തെ,
ചാരുതമാക്കിയ ചാരുത ഗോരേററി
പാരിലും വിണ്ണിലും പ്രേമവല്ലി.

178. പൂരിതതപ്ത- ദുഃഖങ്ങളാൽ നിറയപ്പെട്ടവാം. സൈരികം- കരി.

179. സ്തൈന്യധനാർജ്ജിത ഭോജനജന്യമാം
സ്തന്യംകുടിക്കാത്ത പൊൻ ശിശുവിൻ,
പൂമേനിതന്നിലെ പുഷ്കലരക്തത്താൽ
രോമാഞ്ചമുണ്ടാക്കി മന്നിലെല്ലാം.
ചിത്രകാരന്മാരും തോറേറാടും രൂപത്തിൽ
ചിത്രംവരച്ചവൾ വാനിലേറി.

180. പത്തുമാസംപേറി പെററുവളർത്തിയ
തത്തായപ്രിയയാം മൂത്തപുത്രി,
അമ്മക്കാലംബമായാമൃത്യുമഞ്ചത്തിൽ
ചിമ്മിചിമ്മിയപ്പൻ കണ്ടമൃത്തം,
കൊച്ചനുജത്തിമാർക്കാനന്ദപീയൂഷ
യച്ചുതണ്ടായുള്ള യേകചേച്ചി.
ഭക്തപാരായണരായവർക്കേററവും
സക്തിപകർന്നൊരു ഭക്തകുണ്ഡം,
വിശ്വാസസ്ഥൈര്യത്താൽ സ്വർഗ്ഗാനുഭൂതിയെ
വിശ്വത്തിലാകെപ്പകർന്നപാത്രം,
കാമാന്ധദാരുകയാകുവാൻ വൈമുഖ്യ
മാമാതൃമാതൃക ബാലചാത്തിൽ
വള്ളത്തോൾ കോകിലം പാടിയപക്ഷിക്കൊ
രുള്ളൊത്തൊരാളിയായ് തീർന്നമേരി.

---

179. സ്തൈന്യധനാർജ്ജിതം– കളവുചെയ്തു് സമ്പാദിച്ചതു്. പുഷ്കലരക്തം– പാവനരക്തം. 180. തത്തായപ്രായം– മടിക്കളിക്കുന്ന പ്രായം. മൃത്യുമഞ്ചം– മരണക്കട്ടിൽ പീയൂഷം– അമൃതു്. വള്ളത്തോൾ കോകിലം പാടിയ പക്ഷി– വള്ളത്തോൾ മഹാകവിയെഴുതിയിരിക്കുന്ന കാവ്യത്തിലെ "വെടികൊണ്ട പക്ഷി."

181. പ്രാതലായന്നു "കുർബ്ബാന"യുൾക്കൊണ്ടു
മാതാവിൽനിന്നച്ഛഭോജ്യമാർന്നു,
അത്താഴമുണ്ണുവാൻ നിത്യതാതഗേഹേ-
യത്തെയ്യൽ പോകുന്നു; യാത്രചൊല്ലി.

182. എല്ലാം നിറവേറിക്കയെന്നല്ലാതെന്തിനി
കല്ല്യയെപ്പറ്റിപ്പറകയിപ്പോൾ,
ആശിക്കാം നമ്മൾക്കും ജീവിതച്ഛാല്യക-
ളാശ്വാസദായകനേകമെങ്കിൽ.

183. ചിൽക്കാതൽ ചാഞ്ചാട്ടം ചിത്തപത്മത്തിലെ-
യുൽക്കർഷാമോദത്തിനന്തമുണ്ടോ.

184. പുണ്യപ്പൂമാരിയാൽ പാരിടപ്പൂത്തട്ടം
പുണ്യതപൂണ്ടുന്ന വെള്ളിമേഘം,
ചോരുന്ന ചന്ദസ്സാൽ ഛാദിതമായെന്നും
ചേരുന്ന ചേതനച്ചേവടിയിൽ.

## Part VII മേരിയുടെ രക്തസാക്ഷിത്വം.

185. ഭോഗഭൂമിയിലെ ഭാഗധേയാജ്ഞാല
രാഗമുരളിയായ് കല്പകത്തില്‍,
പാടുവാന്‍ താതനൊത്താടിയാനന്ദിപ്പാ-
നോടിപ്പോയ് മേരിയനന്ത്രപുത്രി.
186. കററരിപോലുള്ള ഗ്രാമീണകന്യമാര്‍
തെററിയാല്‍ സ്വര്‍ഗ്ഗവും ഞെട്ടുമെന്നും.
187. ആരോപറഞ്ഞറിഞ്ഞതിസന്തപ്തയാ-
ളാരംഗമധ്യേ തളര്‍ന്നുവീണു.
ദ്വിപാദ്യയായ ജനനിയോടക്ഷണം
ദ്വിപഗാമിനിയാമേളാത്തിയേവം.
188. ഖേദിക്കവേണ്ടമ്മേ സാരമില്ലയിതെ-
ന്നാദരവോടവള്‍ ചൊന്നനേരം,
വററാത്തുറവയാം മാതാവിന്‍ ഹൃത്തട-
മററമില്ലാത്തപോല്‍ പൊട്ടിപ്പോയി.
189. പ്രാണനംചെയ്യുന്ന പുത്രീതന്‍ചാരത്തു
കാണാമാസന്നയായ് മോഹിതയായ്,
സപ്താകുലവാളാല്‍ മാനസം ഭേദിച്ച
തപ്തയാമമ്മയാണീയമ്മയും.
190. കേട്ടവരെല്ലാരും തത്രപ്പിടിച്ചപ്പോ-
ളോടിയെത്തിതത്രസ്തബ്ധരായി.

185. ഭോഗഭൂമി- സ്വര്‍ഗ്ഗരാജ്യം. അനന്ത്രപുത്രി- ദൈവത്തിന്റെ മകൾ. 186. കററരി......ഗ്രാമീണകന്യമാര്‍- ഉരലിന്റെ അടിയില്‍ കിടക്കുന്നതും ആകര്‍ഷണീയമായ നിറമില്ലാത്തതും എന്നാല്‍ പോഷകാംശം കൂടുതലുള്ളതുമായ "കററരി" പോലെയാണ് ഗ്രാമീണ കന്യകമാര്‍. 187. ദ്വിപാദ്യ- ഇരട്ടിച്ചു ബന്ധിക്കുന്നവൾ. ദ്വിപഗാമിനി- മത്തേഭഗാമിനി, സുന്ദരി. ദ്വിപം- ആന. 189. പ്രാണനംചെയ്യുക- ശ്വാസം വലിക്കുക. മോഹിത- മോഹാലസ്യപ്പെട്ട കി

ടക്കുന്നവരും. സപ്തവ്യാകുല— ഏഴു് ദുഃഖങ്ങളും സഹിച്ചവരും, യേശുക്രിസ്തുവിന്റെ ജനനിയായ പരിശുദ്ധ കന്യകാമറിയത്തിന്റെ ഹൃദയത്തിൽകൂടി ഏഴു് ദുഃഖവാളുകൾ കടന്നുപോയിട്ടുണ്ടു്. ആസന്നമായ സംഭവബഹുലിപ്പിടങ്ങളും അനന്തരം ദുഃഖങ്ങൾ സഹിക്കേണ്ടതായി വന്ന എന്നർത്ഥം.

191. ഇങ്ങുരചെയ്തപ്പോൾ കാഞ്ചനരൂപിണി
ചെങ്ങോരമൂടിക്കിടന്നീടുന്നു,
വാനരൻ കയ്യിലെപ്പൂമാലപോലുമേ
ന്യൂനതമാത്രകിലില്ലീവിധത്തിൽ. (850)

192. ലോകലോകങ്ങളാമീരേഴു കണ്ണുകൾ
മേരിതൻ മേനിയിൽ കാണുമാറായു്

193. വാടിക്കരിഞ്ഞൊരു വാഴച്ചുവട്ടിലായു്
വാടിക്കിടക്കുന്ന ചീരപോലെ,
തള്ളക്കരികിലായു് പ്രജ്ഞാവിഹീനരാ–
യുള്ളംതകർന്നു പിടിച്ചുകൊണ്ടും,
കാട്ടിൽകിടക്കുന്നൊരോട്ടുമരുക്കപോ–
ലീടററപൈതങ്ങൾ കാണുമാറായു്.

194. കൂട്ടുകാരത്തികൾ പേടമാൻകുട്ടിപോൽ
നാട്ടിൻപുറത്തുള്ള ബാലികമാർ,
പുണ്യമിത്രത്തിനെ കാണുവാൻ കൂട്ടമായു്
കണ്ണീർപൊഴിച്ചുകൊണ്ടോടിയെത്തി.

195. ബോധക്ഷയംമാറി കണ്ണുതുറക്കുന്ന
ഖേദപൂരിതയപ്പെററയമ്മ,

193. പ്രജ്ഞ— ബുദ്ധി. ഈടററപൈതങ്ങൾ— ശോഷിച്ചും തളർന്നുമായ പൈതങ്ങൾ.

ഉൾക്കണ്ഠപൂണ്ടതാം ബാലികമാരോടദ-
യുറംകളെം തിങ്ങിവിങ്ങിപ്പറഞ്ഞു,
“കൂട്ടുകാരത്തി കിടക്കുന്നു മക്കളെ
കാട്ടാനകുത്തിത്തകർത്തപോലെ.”

196. ചാരിത്ര്യക്കാതലാം ചാരുശീലേശ്വരി
ചരിതാർത്ഥ്യത്തികവോടുമെല്ലു,
പുഞ്ചിരിപ്പൂന്തേൻ പൊഴിച്ചു നിരന്തരം
സഞ്ചരിച്ചൂതവക്കൂട്ടുകാരിൽ.

197. ജീവൻ പിരിഞ്ഞുപിരിഞ്ഞില്ലയെന്നോരോ-
ഭാവം പകർത്തിയ കന്യകയെ
ശുശ്രൂഷചെയ്തുടൻ നാട്ടാരെടുത്തട-
ത്താശുപത്രിയൊന്നിൽ വേണ്ടപോലെ.

198. ജീവശവംപോലായാസൂന്തദുഃഖിത
മേവുന്നു പ്രജ്ഞാവിഹീനയായി.

199. അന്യോന്യം ചിന്തിച്ചു വേണ്ടതുചെയ്തുടൻ
ധന്യഭിഷഗ്വരന്മാരഖിലം.

200. ആയുർബലമററ കന്യയായ് തീർന്നവൾ
മായാപ്രപഞ്ചമെ നീ കരയൂ.

195. ഉറംകളം — ഹൃദയം. 199. ഭിഷഗ്വരന്മാർ — ഡാക്ടർമാർ.

201. കത്തുന്നായഗ്നിയിലെണ്ണപോലീശ്രുതി
യെത്തിച്ചാസ്വന്തതൻ മാനസത്തെ.

202. ജീവിക്കാനൊററനിമേഷമവരുക്കില്ല
ദ്യോവിലിരിപ്പിടം സജ്ജമല്ലോ.

203. മാനവൻ കോട്ടകളോരോന്നുതീർക്കുന്നു
വാനവൻ തട്ടിത്തകർത്തിടുന്നു.

204. ദൈവത്തെ വിശ്വസിക്കാത്തൊരുലോകത്തെ
ദൈവവുമങ്ങിനെ വിശ്വസിക്കും.

205. ഇച്ചാരുചിത്രം വരച്ചിനിത്തീർത്തിടാം
തുച്ഛൻ ഞാനീരേഴു പാദങ്ങളിൽ.

206. ഇല്ലാ; അവരുക്കിനി; ഈലോകജീവിത
യല്ലലിൽ പങ്കുവഹിക്കവേണ്ട.

207. ക്രൂശിൽ വലത്തുഭാഗത്തെയാതസ്കര-
നാശിസ്സരുളിയ ക്രൂശിതൻപോൽ,
ഘാതകന്മാരോടു പൊറുക്കുന്ന ഗോരേററി,
പൂതമാം വേദവിത്തായിമെത്തും.

208. കൂദാശവേണ്ടവയുരുകൊണ്ടു ക്രിസ്തീയ
യാദർശവുമവരു പൂർത്തിയാക്കി.

---

202. ദ്യോവ്–സ്വർഗ്ഗം. 207. ക്രൂ... ....തസ്കരൻ–ക്രിസ്തുവിനെ ക്രൂശിൽ തൂക്കിയപ്പോരു തന്നെ കൂടുതൽ അപമാനിക്കുവാനായി പാർശ്വങ്ങളിൽ രണ്ടു കള്ളന്മാരെക്കൂടി തൂക്കിക്കൊന്നു. എന്നാൽ വലത്തുഭാഗത്തെ തസ്കരൻ ക്രിസ്തുവിനെ തൂക്കിയ അധികാരികളുടെ അനീതിയെപ്പററി പഴിക്കുകയും, ക്രിസ്തുവിനോടു് തനിക്കു രക്ഷപ്രദാനം ചെയ്യണമെന്നു അപേക്ഷിക്കുകയും ചെയ്തു. ക്രിസ്തു അപ്രകാരം ചെയ്തു.

DHARMARAM COLLEGE
19728
BANGALORE



209. മാതാവും വിപ്രതീസാരനാംഘാതക-
നേത്രവും നമ്മളും നോക്കിനിൽക്കെ,
ഷഷ്ഠിപ്പൂർത്തിദിനമാകുമിന്നോടിനം
തുഷ്ടിനിറച്ചുഗോരേററിയെങ്ങും.

210 പാപ്പാവിളിക്കുന്ന "മേരി പുണ്യവതി"
കൂപ്പുന്ന കാവ്യമായ് കാണിക്കാം ഞാൻ. 906

ശുഭം.

209 വിപ്രതീസാരൻ — പശ്ചാത്താപമുള്ളവൻ. ഷഷ്ഠിപൂർത്തി — ജനിച്ചശേഷം അറുപതുവർഷം തികയുന്ന ദിവസം.

# പരമ്പരയു[illegible]

1. രാഷ്ട്രവും വിദ്യാഭ്യാസവും 0-10-0

2. മരിയ ഗോരെററി (പദ്യം) 1- 6-0

അച്ചടിയിൽ

1. കമ്മ്യൂണിസ്റ്റ്കാരുടെ വിദേശനയം എന്ത്, അതിന് ഭാരതീയർ ചെയ്യേണ്ട പ്രതിവിധി എന്ത്? 0—8—(

2. പ്രപഞ്ചപ്രഭാവം. പദ്യ

3. സമരിയാക്കാരി. ,,

4. ക്രിസ്തുവിൻെറ ജെറുസലേം പ്രവേശനം. ,,

5. നിത്യജീവിതരംഗങ്ങൾ. ,,

6. വ്യവസായം സോഷ്യലിസ്റ്റ് ആദർശത്തിൽ (ഗദ്യം

DC Library
*00019728*
T61 P21

# മരിയ ഗോരററി




… വി. പരവര

T 61
P 24

Indic Digital Archive Foundation
gpura.org